Rs. 8.00

# ഓശാന

## HOSANNA

July - September 2016 Vol. 41 Issue 4

### ജൂലൈ - സെപ്തംബർ 2016


(3) ജോസഫ് പുലിക്കുന്നൽ

കുമ്പസാരിച്ചു കുർബാനകൈക്കൊണ്ടു?!!

(12) ചർച്ച് ആക്ടിനുപിന്നിൽ ..... -

ജയിംസ് ഐസക്

(17) ദൈവശാസ്ത്രപരമല്ല

(21) പൗരോഹിത്യം പിൻവലിക്കണം

(23)ഏകീകൃത സിവിൽകോഡ്

(25) മാന്നാനത്ത് പുതിയ പള്ളി

(26) മക്കളോടുള്ള കടമ മറക്കുന്ന ...

(30) മാണിക്കത്തനാരുടെ .....

(32) എറണാകുളം അങ്കമാലി അതിരൂപത...

(34) പള്ളിപൊളിക്കുന്നതിനെതിരെ പട്ടക്കാരും

(36 ഏകീകൃത സിവിൽകോഡും....

(39)പൊതു സിവിൽകോഡ്

(41) അമിത മദ്യപാനം കത്തോലിക്കർക്കിട

ഗൗരവപ്രശ്നം; .......

സജീവ

മായി


ഭാരതീയ ക്രൈസ്തവ പഠനകേന്ദ്ര പ്രസിദ്ധീകരണം

# HOSANA
**(Quarterly)**

Vol. 41 Issue 4 Price Rs. 8

Founded in October - 1975
A Publication of the Indian Institute of Christian Studies.
Founder & Editor
**Joseph Pulikunnel**
Printed & published by:
**Joseph Pulikunnel**


Phone (O) : **04822 - 236907**
Mob : **9447196214, 9495586102**
E-mail :
hosannamountinfo@gmail.com
website:www. hosannamount.com


അംഗത്വഫീസ് (വരിസംഖ്യ)

| കാലയളവ് | ഇന്ത്യയിൽ | വിദേശത്ത് |
|---|---|---|
| 1 വർഷം | 90 രൂപ | 750 രൂപ |
| ഒറ്റപ്രതി | 8 ,, | 80 |

All Correspondence, Articles, M.O. and Bank drafts:
**To**
**Joseph Pulikunnel**
**Hosanna Mount,**
**Edamattom P.O.**
**Kottayam Dist.,**
**Kerala - 686 578**

Published and printed by Joseph Pulikunnel on behalf of Indian Institute of Christian Studies and
Printed at
CRLS Press, Hosanna Mount , Edamattom P.O. Kottayam Dist, Kerala - 686578
Editor : Joseph Pulikunnel

**July - September 2016**


## സുവിശേഷം

"മനുഷ്യരെ കാണിക്കാൻ വേണ്ടി അവരുടെ മുമ്പിൽവച്ചു പുണ്യകർമങ്ങൾ ചെയ്യാതിരിക്കാൻ നിങ്ങൾ ശ്രദ്ധിക്കുക. അല്ലാത്തപക്ഷം, നിങ്ങൾക്കു സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിൽനിന്നു പ്രതിഫലം ലഭിക്കയില്ല. മനുഷ്യരുടെ പ്രശംസയ്ക്കുവേണ്ടി കപടഭക്തർ സുനഗോഗുകളിലും തെരുവീഥികളിലുംവച്ചു ചെയ്യുന്നതുപോലെ, ഭിക്ഷ കൊടുക്കുമ്പോൾ നിന്റെ മുമ്പിൽ നീ കാഹളം മുഴക്കരുത്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവർക്കു പ്രതിഫലം ലഭിച്ചുകഴിഞ്ഞു. മറിച്ച്, നീ ഭിക്ഷ കൊടുക്കുമ്പോൾ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതിരിക്കട്ടെ. അത്രയ്ക്കു രഹസ്യമായി വേണം ഭിക്ഷ കൊടുക്കാൻ. രഹസ്യത്തിൽ ചെയ്യുന്നതെല്ലാം കാണുന്ന പിതാവ് നിനക്കു സമ്മാനം നല്കും."

(മത്താ. 16 : 1 - 4)

# ജോസഫ് പുലിക്കുന്നേൽ കുമ്പസാരിച്ചു കുർബാനകൈക്കൊണ്ടു?!!

ഒന്നു രണ്ടാഴ്ചയായി ഇമെയിലിലൂടെയും സാധാരണ മെയിലിലൂടെയും എന്റെ മകൻ രാജു ജോസഫ് ലോകത്തെ അറിയിക്കുന്ന ഒരു വാർത്തയാണിത്.

ഞാൻ രോഗിയായി കട്ടിലിൽ കിടക്കാൻ തുടങ്ങിയിട്ട് രണ്ടിലേറെ വർഷങ്ങളായി. പല സുഹൃത്തുക്കളും എന്നെ വന്നു കാണുന്നുണ്ട്. അത് ആശ്വാസകരമാണ്. അതിന് നന്ദിയുമുണ്ട്. ഞാൻ രോഗശയ്യയിലായിരുന്നപ്പോൾ പാലാ മെത്രാൻ മാർ പള്ളിക്കാപ്പറമ്പിലും മാർ കല്ലറങ്ങാട്ടും മാർ മുരിക്കനും സ്നേഹപൂർവം എന്നെ സന്ദർശിക്കുകയുണ്ടായി. ഞാൻ സഭാധികാരത്തിന്റെ പല പ്രവർത്തികളും വിമർശിച്ചിട്ടുണ്ട്. അതു വ്യക്തിപരമായി കാണേണ്ടതില്ല. എന്നെ നേരിട്ട് കാണാൻ ആശുപത്രിയിൽ എത്തിയ ബഹുമാനപ്പെട്ട മെത്രാന്മാരോട് എനിക്ക് നന്ദിയും സ്നേഹവുമേയുള്ളൂ. മാത്രമല്ല അനേകം കന്യാസ്ത്രീയമ്മമാരും അച്ചന്മാരും സ്നേഹത്തോടെ വന്നു കാണുകയും എനിക്കുവേണ്ടി പ്രാർഥിക്കാമെന്നു പറയുകയും ചെയ്തു. അതിനു നന്ദി പറയുന്നു.

മുരിക്കൻ മെത്രാനും മറ്റും വന്നത് എന്റെ മകൻ രാജുവുമായി ഗൂഢാലോചന നടത്തിയിട്ടാണെന്ന് എന്റെ കുടുംബാംഗങ്ങൾ ആരോപിക്കുന്നു എന്ന് അവന്റെ കത്തിലുണ്ട്. മെത്രാന്മാരും അച്ചന്മാരും കന്യാസ്ത്രീയമ്മമാരും എന്നെ കാണാൻ വന്നത് അവന്റെ പ്രേരണയിൽ അല്ലായിരുന്നു എന്നും അത് ക്രിസ്തുവിന്റെ അത്ഭുതകരമായ നടപടിയായിരുന്നു എന്നും അവൻ കത്തിലൂടെ പറയുന്നു. സത്യം പൂർണമായും അറിയട്ടെ. അല്ലെങ്കിൽ മത്തായി ചാക്കോയ്ക്കും ടി.വി.തോമസിനും വന്ന അനുഭവം വീണ്ടും ഇവിടെ ആവർത്തിക്കും.

ദീർഘമായ അവന്റെ ഇംഗ്ലീഷ് എഴുത്ത് മലയാളത്തിലേക്ക് തർജമ ചെയ്ത് അച്ചടിക്കുക ദുഷ്കരമാണ്. അതുകൊണ്ട് അവന്റെ ഇംഗ്ലീഷ് എഴുത്തിലൂടെ നടന്ന പ്രധാനപ്പെട്ട കാര്യങ്ങൾ തൊട്ടുതലോടി ഓശാന വായനക്കാരെ അറിയിക്കണമെന്നു കരുതുന്നു. അല്ലെങ്കിൽ എന്റെ മരണശേഷമാണ് ഇത്തരമൊരു വാർത്ത പ്രചരിപ്പിക്കുന്നതെങ്കിൽ സത്യമെന്തെന്നറിയാതെ ഓശാന വായനക്കാരും ഓശാനയുടെ പിന്തുണക്കാരും വിഷമിക്കുമല്ലോ.

രാജു ചോദിക്കുന്നു: *"രണ്ടു കൊല്ലം മുമ്പ് ആർച്ച് ബിഷപ്പ് ആലഞ്ചേരിയും ബിഷപ്പ് കല്ലറങ്ങാട്ടും ഡാഡിയും തമ്മിലുള്ള കൂടിക്കാഴ്ച സംഘടിപ്പിച്ചത് ഞാനാണെന്ന് ആർക്കെങ്കിലും പറയാനാകുമോ? ഞാൻ ഒരിക്കലും അവരോട് സംസാരിച്ചിട്ടില്ല."* പാലാ മെത്രാൻ മാർ കല്ലറങ്ങാ

ട്ടിനെയും കർദിനാൾ മാർ ആലഞ്ചേരിയേയും ഞാൻ എറണാകുളത്ത് കർദിനാൾ ഹൗസിൽവെച്ച് കണ്ടു എന്നത് ശരിയാണ്. എന്റെ രണ്ടാമത്തെ മകൾ റീനിമ അശോകിനോട് മധ്യസ്ഥനായ ഒരു സുഹൃത്ത് ആവശ്യപ്പെട്ടതനുസരിച്ചാണ് ഞാൻ കർദിനാൾ ഹൗസിൽ പോയത്. സഭാധികാരത്തിനോടുള്ള എന്റെ വിമർശനങ്ങൾ നേരിൽ അറിയിക്കുവാനുള്ള അവസരമായാണ് ഈ കൂടിക്കാഴ്ചയെ ഞാൻ കണ്ടതും ഉപയോഗപ്പെടുത്തിയതും. ഞാൻ അന്ന് എറണാകുളത്ത് ഒരു പ്രകൃതിചികിത്സാ കേന്ദ്രത്തിൽ ചികിത്സയിലായിരുന്നു. എനിക്ക് ഒരു മെത്രാനോടും വ്യക്തിപരമായി ഒരു പിണക്കവുമില്ല. അവരെ കാണുന്നതും അവരോട് സംസാരിക്കുന്നതും ഒരു തെറ്റായി ഞാൻ കാണുന്നുമില്ല.

രാജു എഴുതുന്നു: *"യേശു ക്രിസ്തു ജീവിക്കുന്ന ദൈവമാണ്. ആ ദൈവം തന്റെ സേവകരെ അവിടത്തെ സ്നേഹത്തിൽ അയയ്ക്കുന്നു. വിശ്വാസികളല്ലാത്തവർക്ക് മനസ്സിലാക്കാൻ വിഷമമാണ്. ഞാൻ 2014 ഒക്ടോബർ 24-ാം തീയതി മുതൽ താങ്കൾക്കുവേണ്ടി പ്രാർഥിക്കുകയായിരുന്നു. അപ്പോൾ മുതൽ എന്റെ പ്രാർഥന ദൈവത്തിന്റെ ദൂതന്മാരെ താങ്കളുടെ (you) പക്കലേയ്ക്ക് അയയ്ക്കണമെന്നായിരുന്നു. ഞാൻ അതിനേക്കാൾ കൂടുതലായി ഒന്നും ചെയ്യുന്നില്ല."*

മറ്റൊരു ഇമെയിലിലൂടെ രാജു അറിയിക്കുന്നു: *"2016 ഏപ്രിൽ 15-നാണ് ഞാൻ ആദ്യമായി ബിഷപ്പ് മുരിക്കനെ കാണുന്നത്. ഡിസംബർ 2015-ൽ ഡാഡി അദ്ദേഹത്തിന് ഒരു എഴുത്ത് എഴുതിയിരുന്നു എന്നും പിന്നെ ബന്ധപ്പെട്ടിട്ടില്ല എന്നും അദ്ദേഹം പറഞ്ഞു."*

2015 ഡിസംബറിൽ ഞാൻ മുരിക്കൻ പിതാവിന് കത്തയച്ചിട്ടില്ല.

മറ്റൊരു ഇമെയിലിൽ രാജു എഴുതി: "ഞാൻ മുരിക്കൻ പിതാവിനെ കണ്ടശേഷം ഏപ്രിൽ 15 2016-ൽ പിതാവ് തന്ന ഫോൺ നമ്പറിൽ ഷാജി അച്ചനുമായി (Mathew Punnathanathukunnel) സംസാരിച്ചിരുന്നു. പിന്നീട് ചിറ്റാർ പള്ളിയിൽ (രാമപുരം) വെച്ച് ജൂലൈ 22-ന് നേരിട്ട് കാണുകയുണ്ടായി. ഇതിനിടയിൽ പലതവണ ബന്ധപ്പെടാൻ ശ്രമിച്ചിരുന്നെങ്കിലും അച്ചൻ ഫോൺ എടുക്കുന്നുണ്ടായിരുന്നില്ല. ഞാൻ ഇപ്പോഴത്തെ പൂവത്തോട് പള്ളി വികാരി ഫാ. സെബാസ്റ്റ്യനുമായി സംസാരിച്ചപ്പോഴാണ് ഷാജി അച്ചൻ ശസ്ത്രക്രിയയ്ക്കുശേഷം വിശ്രമത്തിലാണെന്ന് അറിയുന്നത്."

രാജു വർഷങ്ങളായി ബാംഗ്ലൂരിൽ സ്ഥിരതാമസമാണ് എങ്കിലും ഷാജി അച്ചനും പുവത്തോടുപള്ളി വികാരിയുമായുള്ള അടുപ്പം അവനറിഞ്ഞിരുന്നു!

ബിഷപ്പ് മുരിക്കൻ എന്നെ ആദ്യമായി കണ്ടത് ഞാൻ പാലാ മരിയൻ മെഡിക്കൽ സെന്റർ ആശുപത്രിയിൽ കിടന്നപ്പോഴാണ്. അന്ന് ഞങ്ങൾ സ്നേഹപൂർവം സംസാരിച്ചു പിരിഞ്ഞു. ഫാദർ മാത്യു പുന്നത്താനത്തുകുന്നേൽ (ഷാജി അച്ചൻ) എന്ന വൈദികന്റെ പക്കൽ ഞാൻ

കുമ്പസാരിച്ചെന്നും കുർബാന കൈക്കൊണ്ടെന്നുമാണ് രാജുവിന്റെ കത്തിലെ പ്രസ്താവന. ഈ പറയുന്ന ഫാദർ മാത്യു പുന്നത്താനത്തു കുന്നേൽ എന്നെ സന്ദർശിച്ചിരുന്നു എന്നത് ശരിയാണ്. അദ്ദേഹം അൽഫോൻസാ കോളേജിലെ ഒരദ്ധ്യാപകനായിരുന്നു; കഠിനമായ അർബുദരോഗിയും. കുമ്പസാരത്തെക്കുറിച്ച് ഞങ്ങൾ സംസാരിച്ചതല്ലാതെ, ഞാൻ അദ്ദേഹത്തോട് എനിക്ക് കുമ്പസാരിക്കണമെന്നു പറയുകയോ കുമ്പസാരിക്കുകയോ ചെയ്തിട്ടില്ല. പാപങ്ങളുടെ മോചനാർത്ഥം അച്ചന്മാരോട് കുമ്പസാരിക്കണമെന്ന് ബൈബിളിൽ ഒരിടത്തും പറഞ്ഞിട്ടില്ലല്ലോ എന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. (വിശ്വാസി തന്റെ പാപങ്ങൾ പശ്ചാത്താപത്തോടെ പുരോഹിതന്റെ ചെവിയിൽ പറയുന്നതാണ് കുമ്പസാരം.) അങ്ങനെ ഒന്ന് എന്നെ സംബന്ധിച്ചിടത്തോളം നടന്നിട്ടില്ല. ഞാൻ ആരുടെയും ചെവിയിൽ പാപങ്ങൾ ഏറ്റുപറഞ്ഞ് കുമ്പസാരിച്ചിട്ടില്ല.

പാപിയായ മനുഷ്യൻ തന്റെ പാപം ദൈവത്തോട് ഏറ്റു പറയുമ്പോൾ യേശുവിന്റെ തിരുരക്തം ആ പാപത്തെ കഴുകി കളഞ്ഞുകൊള്ളുമെന്നാണ് ബൈബിളിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് പുരോഹിതനോട് പാപം ഏറ്റു പറയണമെന്നത് ബൈബിളികമല്ല. ഇക്കാര്യം അച്ചൻ സമ്മതിക്കുക മാത്രമല്ല, ദൈവത്തോട് പാപം ഏറ്റുപറഞ്ഞാൽ എല്ലാ പാപങ്ങളും പൊറുക്കുമെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്തു. മനുഷ്യരെല്ലാവരും പാപികളാണെന്നും ആ പാപങ്ങളെല്ലാം വിമോചിക്കപ്പെടുന്നത് ക്രിസ്തുവിന്റെ സഹനത്തിലും രക്തത്തിലുംകൂടിയാണെന്നും ബൈബിൾ പറയുന്നു. ആട്ടിൻകുട്ടികളുടെയും കാളക്കുട്ടികളുടെയും രക്തച്ചൊരിച്ചിലിലൂടെയാണ് യഹൂദരുടെ പാപങ്ങൾ ദൈവം ക്ഷമിച്ചിരുന്നത് എന്നാണ് പഴയനിയമത്തിൽ പറയുന്നത് (ലേവിയർ). ക്രിസ്തുവിന്റെ സഹനവും രക്തച്ചൊരിച്ചിലും മൂലമാണ് മനുഷ്യന്റെ എല്ലാ പാപങ്ങളും ദൈവം ക്ഷമിക്കുന്നത് എന്നാണ് പുതിയ നിയമത്തിൽ പറയുന്നത്.

അവന്റെ കത്തിൽ തുടരുന്നു : *"യേശു ഒഴിച്ച് ആർക്കും ആരെയും മാറ്റാൻ കഴിയുകയില്ല. ദൈവം മനുഷ്യനെയും സാഹചര്യത്തെയും മാറ്റത്തിനുവേണ്ടി സഹായിക്കുന്നു. ആരെങ്കിലും യേശുവിനെ അംഗീകരിക്കുകയും സ്വയം താഴ്ത്തുകയും ചെയ്യുന്നുവെങ്കിൽ അവിടുത്തെ സമാധാനം ലഭിക്കുന്നു. മറ്റുള്ളവർ വിദ്വേഷത്തിൽ ജീവിക്കുകയും പാപത്തോടുകൂടി മരിക്കുകയും ചെയ്യുന്നു. ഞാൻ എല്ലാവർക്കും വേണ്ടി പ്രാർഥിക്കുന്നു. നമ്മുടെ കർത്താവും രക്ഷകനും ദൈവവുമായ യേശുക്രിസ്തു ഡാഡിയിൽ വളരാൻ സമ്മതിക്കട്ടെ."*

എന്റെ മകൻ രാജുവും കുടുംബവും കുന്നംകുളത്തുള്ള ഒരു പെന്തക്കോസ്തു സഭയിൽ മാമ്മോദീസാമുങ്ങി അംഗമായിട്ടുണ്ടെന്ന് ഞാൻ അറിയുന്നു. ഓശാനയിലൂടെ ഞാൻ സഭാ വിമർശനം നടത്തുമ്പോൾ 'അങ്ങനെയെങ്കിൽ കത്തോലിക്കാസഭയിൽനിന്നുംമാറി വേറൊരു സഭ സ്വീകരിച്ചുകൂടെ' എന്ന് പലരും ചോദിക്കാറുണ്ട്. പെന്തക്കോസ്തു സഭ

കളെക്കുറിച്ചാണ് അവർ ലക്ഷ്യമിടുന്നത്. കത്തോലിക്കാസഭയിൽ പല അധർമങ്ങളും അനീതികളും ബൈബിൾ വിരുദ്ധമായ പലതും നടക്കുന്നുണ്ട് എന്ന് സമ്മതിക്കുന്നു, അതുകൊണ്ടാണ് വിമർശനം ആവശ്യമായിരിക്കുന്നത്. എല്ലാ വ്യവസ്ഥാപിത മതങ്ങളിലും കുറ്റവും കുറവുകളുമുണ്ട്. അതുകൊണ്ട് ഒരു സഭ വിട്ടു വേറൊരിടത്ത് ചേരുമ്പോൾ എന്തെങ്കിലും പ്രത്യേകത കൂടുതലുണ്ടാകുമെന്ന് എനിക്കു വിശ്വാസമില്ല,

കത്തോലിക്കാ സഭയോടുള്ള എന്റെ വിമർശനാത്മകമായ നിലപാട് ആ സഭയുടെ നന്മക്കുവേണ്ടിയാണ്. സഭയിൽ നടക്കുന്ന പല കാര്യങ്ങളും ബൈബിൾ വിരുദ്ധമാണ്, നീതി വിരുദ്ധമാണ് എന്നുള്ളതുകൊണ്ട് നാം അവ വിമർശനത്തിലൂടെ തിരുത്തേണ്ടിയിരിക്കുന്നു. അതിന് മെത്രാന്മാരും പുരോഹിതരും കന്യാസ്ത്രീകളും മാത്രമല്ല കുറ്റക്കാർ. മറിച്ച് അവർ പറയുന്നതെന്തും ചോദ്യം ചെയ്യാതെ സ്വീകരിക്കുന്ന അത്മായരുംകൂടിയാണ് കുറ്റക്കാർ.

എന്റെ മകൻ രാജു ഇംഗ്ലീഷ് എഴുത്തിനോടൊപ്പം അയച്ചുതന്ന മലയാളം കത്ത് പൂർണമായും ഇതിനുതാഴെ ചേർക്കുന്നു.

*"പ്രിയപ്പെട്ട ഡാഡി,*

*നമ്മുടെ രക്ഷകനും ദൈവവുമായ യേശു ക്രിസ്തുവിന് നന്ദി.*

*ഈ കഴിഞ്ഞ ഏപ്രിൽ 15-ാം തീയതി, ദൈവീക പ്രേരണയാൽ, പാലാ സഹായമെത്രാൻ മുരിക്കൻ പിതാവിനെ കാണുവാനിടയായി. അദ്ദേഹത്തോട് എന്നെ പരിചയപ്പെടുത്തിയപ്പോൾ, വളരെ സ്നേഹപൂർവം സംസാരിക്കുകയും, ഡാഡിയെ അദ്ദേഹം പലപ്പോഴായി വന്നുകണ്ടെന്നും, ഡാഡി ആവശ്യപ്പെട്ടതനുസരിച്ച് Fr. Mathew Punnathanathukunnel (ShajiAchan) ഡാഡിയുമായി പല പ്രാവശ്യം കണ്ടെന്നും, ഡാഡി ക്രിസ്തുവിന്റെ സ്നേഹത്താൽ എല്ലാ തെറ്റുകളും ഏറ്റുപറഞ്ഞ് കുമ്പസാരിച്ചെന്നും, പല പ്രാവശ്യം കുർബാന സ്വീകരിച്ചെന്നും അറിയുവാൻ കഴിഞ്ഞു. നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിനെ ദൈവമായി സ്വീകരിക്കുവാൻ ഡാഡിയെ അനുഗ്രഹിച്ച പിതാവായ ദൈവത്തിനു നന്ദി പറയുന്നു. അതിനായി ദൈവം ഉപയോഗിച്ച Bishop Murikkan, Shaji Achan, Poovathodupally Vicar, Sisters, അതുപോലെ മറ്റനേകം ക്രിസ്തു ദാസന്മാർക്കും ഞാൻ നന്ദി പറയുന്നു.*

*യേശുക്രിസ്തുവിന്റെ അനുഗ്രഹത്താൽ ജീവിച്ച നമ്മുടെ ഭവനത്തിൽ നിന്ന് ക്രിസ്തു ചൈതന്യം വിട്ടുപോയതിന്റെ പരിണിതഫലമാണ് നാമനുഭവിച്ചത്. ഇത്രയും ബൈബിൾ പഠിച്ച ഡാഡി യേശുക്രിസ്തുവിനെ ദൈവവും രക്ഷകനുമായി സ്വീകരിക്കാതിരുന്നതിനാൽ പിശാചിന് നമ്മുടെ എല്ലാവരുടെയും മേൽ അധികാരം ലഭിക്കുകയും, പാപങ്ങളിലേയ്ക്ക് തള്ളി വിടുകയുമാണുണ്ടായത്. John : 30-40 "നിങ്ങൾ തിരുവെഴുത്തുകൾ ശ്രദ്ധയോടെ പഠിക്കുന്നു. അവയിൽ നിങ്ങൾക്ക് നിത്യജീവൻ*

ഉണ്ടെന്ന് നിങ്ങൾ വിചാരിക്കുന്നു. അവ എന്നെക്കുറിച്ച് സാക്ഷ്യം വഹിക്കുന്നു. എങ്കിലും, ജീവൻ പ്രാപിക്കേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല." എന്ന് യേശു ക്രിസ്തു പറഞ്ഞത് എത്ര സത്യമായി ഭവിച്ചു. ഇത്രയും ബൈബിൾ പഠിക്കുകയും, വചനം ഉപയോഗിച്ച് ഓശാനയിലൂടെ മറ്റുള്ളവരെ തിരുത്താൻ ശ്രമിക്കുകയും ചെയ്ത ഡാഡി, യേശുക്രിസ്തുവിനെ ദൈവമായും രക്ഷകനായും സ്വീകരിച്ച്, വചനപ്രകാരം ജീവിക്കുവാൻ ശ്രമിക്കാതിരുന്നത് നമ്മെ നശിപ്പിക്കുവാനുള്ള പൈശാചിക ശക്തിക്ക് അവസരമായി. പഴയ ക്ഷുദ്രപ്രയോഗത്താലാണ് പല പ്രശ്നങ്ങളും ഉണ്ടാകുന്നതെന്ന തെറ്റായ ധാരണ ഡാഡിയിൽ തരുവാൻ ആ ശക്തിക്കുകഴിഞ്ഞു. എന്നാൽ യേശുക്രിസ്തുവിലൂടെ മാത്രമേ ആ പൈശാചിക ശക്തികളെ തകർക്കാൻ പറ്റുകയുള്ളൂ എന്ന് ബൈബിളിലൂടെ ഞാൻ മനസ്സിലാക്കി. ഇതു മനസ്സിലാക്കിയ എനിക്ക്, വചനവിരുദ്ധമായി ഡാഡി ചെയ്യുന്ന പല കാര്യങ്ങളും അംഗീകരിക്കാൻ സാധിക്കാതെ വന്നു. ഞാനതിനെ എതിർത്തപ്പോൾ എനിക്ക് ഭ്രാന്താണെന്ന് ഡാഡിയേയും സഹോദരിമാരേയും പിശാച് തോന്നിപ്പിച്ചു. യേശുക്രിസ്തുവിന്റെ വഴികളിൽ നടക്കുവാൻ ശ്രമിക്കുന്നവർ ഭ്രാന്തന്മാരാണെന്ന് മറ്റുള്ളവർക്ക് തോന്നുകയും അവർക്കെതിരെ സർവവിധ ദൂഷണങ്ങളും പറയുമെന്നും Mathew 5 : 11 " ഞാൻ നിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും, പീഢിപ്പിക്കുകയും, നിങ്ങൾക്കെതിരെ എല്ലാവിധ ദോഷവും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ അനുഗ്രഹീതർ." ഈ വചനഭാഗം അറിയാവുന്നതിനാൽ, എനിക്കെതിരെ പറഞ്ഞ നുണപ്രചാരണങ്ങളിലും, കേസ് കൊടുത്തപ്പോഴും ആരോടും ഒരു അരിശവും തോന്നാതെ, എല്ലാവരോടും ക്ഷമിക്കുവാനുള്ള ഒരു വലിയ കൃപ യേശുക്രിസ്തുവിലൂടെ എനിക്കു ലഭിച്ചു.

എന്നാൽ ഈ അവസരത്തിൽ, വചനത്തിലൂടെ എന്നിലുണ്ടായിരുന്ന പല തെറ്റുകളും, കുറവുകളും മനസ്സിലാക്കാനും, അത് തിരുത്തുവാനുള്ള കൃപ ദൈവം തരുകയും ചെയ്തു. വചനം സത്യമാണെന്നും യേശു ക്രിസ്തു ജീവിക്കുന്ന ദൈവമാണെന്നും ഞാൻ മനസ്സിലാക്കാൻ ഈ പീഢനങ്ങൾ എന്നെ സഹായിച്ചു. Psalm 119 : 71 "എനിക്ക് പീഢനമുണ്ടായത് നന്നായി, അതിലൂടെ നിന്റെ ചട്ടങ്ങളെ ഞാൻ പഠിച്ചുവല്ലോ" ഈ വചനം എത്ര സത്യം.

ഡാഡിയിലൂടെ അനേകം നന്മപ്രവൃത്തികൾ യേശുക്രിസ്തു ചെയ്തു എന്നതിനാൽ, നാം നശിച്ചുപോകാതിരിക്കാൻ യേശുവിലൂടെയുള്ള രക്ഷ മാത്രമേ വഴിയുള്ളൂ എന്ന തിരിച്ചറിവെനിക്കുണ്ടായതിനാൽ Bible പ്രകാരം എന്നെതന്നെ പൂർണമായി ക്രിസ്തുവിൽ അർപ്പിച്ച് നമ്മുടെ കുടുംബത്തെ നശിപ്പിക്കാൻ പ്രവർത്തിക്കുന്ന പൈശാചിക ശക്തിക്കെതിരെ പോരാട്ടം തുടങ്ങി. Bible പ്രകാരം എല്ലാം ഉപേക്ഷിച്ച് സത്യം പറയാതെ

*പറ്റില്ലെന്ന തിരിച്ചറിവ് എന്നെ രക്ഷിച്ചു. Mark 10 : 29-30 - സത്യം പറഞ്ഞപ്പോൾ ഡാഡി എന്നെ വീട്ടിൽനിന്നും ഇറക്കിവിട്ടു. അത് ഞാൻ ക്രിസ്തു പഠനങ്ങളനുസരിച്ച് അംഗീകരിച്ചതിനാലാണ് അവിടെ ഞാൻ വാങ്ങി ഇട്ടിരുന്ന 4 ലക്ഷത്തോളം വിലയുള്ള തടികൂടി ഉപേക്ഷിച്ചത്.*

*ഡാഡിക്കോ, സഹോദരിമാർക്കോ, ഭർത്താക്കന്മാർക്കോ ഞാനെടുക്കേണ്ടിവന്ന ദൈവീകതീരുമാനം മനസ്സിലാക്കാൻ സാധിക്കില്ല എന്ന തിരിച്ചറിവെനിക്കുണ്ടായതിനാലാണ് ഞാൻ യാതൊരു വഴക്കിനും വരാതിരുന്നതും, എനിക്കെതിരെ അനേകം കള്ളക്കേസുകൾ കൊടുത്തിട്ടും ഒരു കേസ്പോലും തിരികെ കൊടുക്കാതിരുന്നതും. യേശുക്രിസ്തുവിലൂടെയുള്ള ക്ഷമയാലും സ്നേഹത്താലും മാത്രമേ നമ്മുടെ കുടുംബത്തെ തകർത്ത ആ പൈശാചിക ശക്തിയെ തോൽപ്പിക്കാൻ സാധിക്കുകയുള്ളെന്ന് മനസ്സിലാക്കാൻ വചനപ്രകാരം പിതാവായ ദൈവം, പരിശുദ്ധാത്മാവിലൂടെ എന്നെ മനസ്സിലാക്കിതന്നതിന് നന്ദി പറയുന്നു.*

*തെറ്റുകൾ പറ്റാത്തവരായി ഈ ലോകത്തിൽ ആരുമില്ല. എന്നാൽ യേശുക്രിസ്തുവിൽ വിശ്വസിച്ച് യഥാർഥ അനുതാപത്തിലൂടെയുള്ള മാനസാന്തരം വന്നാൽ, നമ്മുടെ പാപങ്ങളിൽനിന്ന് പൂർണമായ വിടുതൽ ദൈവം തരും. അതിനായി നാം പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നു മാത്രം.*

*Saul - നോട് ക്ഷമിച്ച ദൈവം, യേശുക്രിസ്തുവിലൂടെ ഡാഡിയേയും രക്ഷിക്കുമെന്ന പൂർണ വിശ്വാസം എനിക്കുണ്ടായിരുന്നു. നമ്മുടെ കുടുംബത്തെ 4 തലമുറകളായി നശിപ്പിക്കാൻ പ്രവർത്തിക്കുന്ന പൈശാചിക ശക്തിയെ യേശുക്രിസ്തുവിലൂടെ തകർത്ത് ഡാഡി ക്രിസ്തുവിലായേ ഈ ലോകത്തിൽ നിന്ന് പോകുകയുള്ളൂ എന്നും ഞാൻ വിശ്വസിച്ചു. Acts 16 : 31 " അതിന് അവർ കർത്താവായ യേശുവിൽ വിശ്വസിക്കുക, എന്നാൽ നീ രക്ഷപ്രാപിക്കും; നീയും കുടുംബവുംതന്നെ" എന്ന് ഉത്തരം പറഞ്ഞു. യേശുവിന്റെ സ്നേഹത്തിലും ക്ഷമയിലും ബഹുമാനപ്പെട്ട Bishop മാർ ഡാഡിയോട് പൊറുത്ത് കാണാൻ വന്നപ്പോൾ എനിക്ക് വ്യക്തമായിരുന്നു, അത് യേശുവാണ് പ്രവർത്തിക്കുന്നതെന്ന്.*

*ഈ അവസാന രക്ഷ ഡാഡി തള്ളിക്കളയരുതേ എന്ന് അഭ്യർഥിക്കുന്നു. എനിക്ക് ഡാഡിയിൽ നിന്നോ, സ്വത്തിൽനിന്നോ യാതൊന്നും വേണ്ട. ഡാഡി യേശുവിനെ ദൈവവും രക്ഷകനുമായി ഏറ്റുപറഞ്ഞ് മരിക്കുവാൻ കൃപ കൊടുക്കണമേയെന്ന് പ്രാർഥിക്കുന്നു. എനിക്കും ഷിജിക്കും സ്മേതക്കും ചിക്കുവിനും ഡാഡിയോട് സ്നേഹം മാത്രമേയുള്ളൂ. ഇനിയുള്ള കാലം ആ യേശുസ്നേഹത്തിൽ നമുക്ക് ഒരുമിക്കാം.*

*എന്നിൽനിന്നും ഭൗതിക തലത്തിൽ ഡാഡിക്കെന്തെങ്കിലും വിഷമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഞാൻ മാപ്പു ചോദിക്കുന്നു. അറിഞ്ഞുകൊണ്ട്*

*ഒന്നും ചെയ്തിട്ടില്ല. എന്നാൽ ആത്മീയ രക്ഷയ്ക്കായി ഞാൻ ചെയ്ത കാര്യങ്ങളിൽ ഉണ്ടായ ദുഃഖം യേശു മാറ്റിത്തരും. 2 Corinthious 7 : 10 - "ദൈവഹിതപ്രകാരമുള്ള ദുഃഖം രക്ഷയിലേക്കു നയിക്കുന്ന മാനസാന്തരം ഉളവാക്കുന്നു; അതിനെപ്പറ്റി ഖേദിക്കേണ്ടി വരുന്നില്ല. എന്നാൽ ലൗകികമായ ദുഃഖം മരണത്തിലേക്ക് നയിക്കുന്നതാണ്."*

*നമ്മൾ തമ്മിലുള്ള അകല്ച മനസ്സിലാക്കി, ഞാൻ മനസ്സിൽപോലും ചിന്തിക്കാത്തകാര്യങ്ങൾ ഡാഡിയോടും സഹോദരിമാരോടും പറഞ്ഞ് നമ്മെ കൂടുതൽ അകത്തിയ വ്യക്തികളോടും ഞാൻ പൊറുത്തിരിക്കുന്നു. അവരിലുള്ള പൈശാചിക ശക്തിക്കെതിരെ ഞാൻ പ്രാർഥിക്കുന്നു.*

*നമ്മുടെ പിതാവായ ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവിലൂടെയുള്ള രക്ഷ പ്രാപിച്ച കുടുംബമായി പുലിക്കുന്നേൽ കുടുംബം മാറട്ടെ എന്നും, പരിശുദ്ധാത്മാവിലൂടെ വരും തലമുറകൾ നടക്കുവാനായി ദൈവം അനുഗ്രഹിക്കുമെന്നും എനിക്കുറപ്പുണ്ട്. ഡാഡിയുടെ ഇഷ്ട സങ്കീർത്തനം. Psalm 100 : 5 "യഹോവ നല്ലവൻ; അവിടുത്തെ വിശ്വസ്തത തലമുറ തലമുറയായി നിലനില്ക്കുന്നു." നമ്മുടെകൂടെ ജീവിക്കുന്ന, ദൈവമായ യേശുക്രിസ്തുവിന്റെ മുമ്പിൽ നമുക്ക് മുട്ടു മടക്കാം, ആ വലിയ സ്നേഹത്തിൽ ഒന്നു ചേരാം.*

*സ്നേഹപൂർവം*

*സ്വന്തം മകൻ രാജു ജോസഫ് പുലിക്കുന്നേൽ"*

രാജുവിന്റെ ദീർഘമായ ഈ കത്ത് പലതും മറച്ചുവയ്ക്കുകയും പലതും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. രാജു എൻജിനിയറിംഗ് പാസ്സായപ്പോൾ എന്റെ ഒരു സുഹൃത്തും ഹോളണ്ടുകാരനുമായ വ്യവസായിയുടെ കമ്പനിയിൽ അവനെ ട്രെയിനിംഗിന് ഏല്പിക്കുകയുണ്ടായി. അവനെ സ്നേഹപൂർവം സ്വീകരിച്ച് ആ കമ്പനിയുടെ ഇന്ത്യയിലെ പ്രതിനിധിയായി നിയമിക്കുകയും ചെയ്തു. രാജുവിന് വൻ തുകയുടെ കച്ചവടം അതുവഴി ലഭിച്ചു.

കഴിഞ്ഞ പത്തിലേറെ കൊല്ലങ്ങളായി രാജു എന്നോട് അകന്നു ജീവി ക്കുകയാണ്. കാരണം ഞാൻ സ്ഥാപിച്ച ഓശാനമൗണ്ട് അവനു വേണമെന്ന് പറഞ്ഞു. ഓശാനമൗണ്ട് ഒരു പൊതു സ്ഥാപനമാണെന്നും അത് പുലിക്കുന്നേൽ കുടുംബത്തിന്റെ വകയല്ലെന്നും ഞാൻ അവനോടു പറഞ്ഞു. എങ്കിലും അവൻ ഓശാനമൗണ്ട് കാര്യങ്ങളിൽ ഇടപെടുകയും എന്നെക്കുറിച്ച് അനേകം ദൂഷണങ്ങൾ അച്ചടിച്ച് സമീപപ്രദേശങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്തു. ഓശാനമൗണ്ടിലെ സ്ഥാപനങ്ങളുടെ നടത്തിപ്പിനും ബൈബിൾ തർജമയ്ക്കും ഹോളണ്ടിലുള്ള ഒരു ക്രൈസ്തവ സംഘടന എന്നെ സഹായിച്ചിരുന്നു. ആ ക്രൈസ്തവ സംഘടനയോട് എന്നെക്കുറിച്ച് കുറെ അപരാധങ്ങൾ പറഞ്ഞു പരത്തി.

മാത്രമല്ല ഞാൻ വിദേശപണം ദുർവിനിയോഗം ചെയ്യുന്നുവെന്ന് നോട്ടീസ് അച്ചടിച്ച് പാലായിലും പരിസരപ്രദേശങ്ങളിലും വിതരണം ചെയ്യുകയുണ്ടായി. വിതരണത്തിന് അവൻ ഓശാനാമൗണ്ടിലെ സ്റ്റാഫിനെയാണ് ഉപയോഗിച്ചത്. അതു മനസ്സിലാക്കി ഈ സ്റ്റാഫ് അംഗങ്ങളെ ഡയറക്ടർ ബോർഡ് ഓശാനമൗണ്ടിൽനിന്നും പിരിച്ചുവിട്ടു. അവരെ ഉപയോഗിച്ച് രാജു പാലായിൽ കൊച്ചുറാണി മെമ്മോറിയൽ എന്ന പേരിൽ ഒരു ആശുപത്രി തുടങ്ങി. രാജുവിന്റെ സ്വാർഥതാല്പര്യങ്ങൾക്കുവേണ്ടിയാണ് തങ്ങളെ ഉപയോഗിച്ചിരുന്നത് എന്നു മനസ്സിലാക്കിയ അവർ അവസാനം എന്നോടു ക്ഷമപറഞ്ഞ് വരുകയും അവർക്കു കിട്ടാനുള്ള ആനുകൂല്യങ്ങൾ കൊടുക്കുകയും ചെയ്തു. അവസാനം അവർ തൊഴിലില്ലാതെ അലഞ്ഞു നടന്ന് സ്വന്തം നിലയിൽ വേലയെടുത്ത് ജീവിക്കുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല.

പിതൃസംബന്ധമായ സ്വത്ത് ഒരു ട്രസ്റ്റ് ഉണ്ടാക്കി അവിടെനിന്നുള്ള ആദായം ഞാൻ ആരംഭിച്ച ആശുപത്രിക്കും മറ്റ് പ്രസ്ഥാനങ്ങൾക്കുമായി ഉപയോഗിക്കണമെന്ന് എഴുതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്വത്തിന്റെ പേരിൽ ഒരു അവകാശവും ഞാൻ എന്റെ ഒരു പെൺമക്കൾക്കും കൊടുത്തിട്ടില്ല.

ഞാൻ കൂടി അംഗമായ ഗുഡ് സമരിറ്റൻ പ്രോജക്ട് ഇന്ത്യ ഓരോ കൊല്ലവും ദരിദ്രരായ വിദ്യാർഥികൾക്ക് ഉപരിപഠനത്തിനായി 1000 രൂപാ വെച്ച് മാസംതോറും നൽകുന്നുണ്ടായിരുന്നു. പഠനംകഴിഞ്ഞ് ജോലി കിട്ടുമ്പോൾ ആ പണം ഗഡുക്കളായി തിരിച്ചുതരണമെന്നായിരുന്നു വ്യവസ്ഥ. ഇങ്ങനെ പണം കൊടുത്തവരുടെ ലിസ്റ്റ് രാജു ഓഫീസിൽനിന്നും ചോർത്തിയെടുത്ത്, പണം തിരിച്ചടക്കേണ്ടെന്നും ആ പണം ധൂർത്തടിക്കുകയാണെന്നും അവരെ എഴുതി അറിയിച്ചതു മൂലം പലരും പണം തിരിച്ചുതരാതെയായി. അങ്ങനെ ആ പ്രസ്ഥാനം എന്റെ മകൻ രാജു ഇല്ലെന്നാക്കി. ഇങ്ങനെ വളരെയധികം ദ്രോഹങ്ങൾ എന്നോടും സ്ഥാപനത്തോടും അതിലുപരി ഈ നാട്ടിലെ ദരിദ്രരായ നിരവധി ആളുകളോടും അവൻ ചെയ്തു. എന്തിന് ഗുഡ് സമരിറ്റൻ പ്രോജക്ട് ഇന്ത്യയുടെ ബോർഡ് അംഗങ്ങളുടെ പേരിലും അവൻ കേസ് കൊടുത്തു. അങ്ങനെ രാജു എല്ലാ വിധത്തിലും എന്നെ ദ്രോഹിച്ചു.

ഇപ്പോൾ ബൈബിൾ വാചകങ്ങൾ എടുത്ത് ഉദ്ധരിച്ച് പ്രസംഗിക്കുന്നത് അവന് സഭയുടെ പിന്തുണ കിട്ടാൻ വേണ്ടിയിട്ടാണ്. ഞാൻ മുരിക്കനച്ചനോട് ഷാജി അച്ചനെ വിടണമെന്ന് പറഞ്ഞിട്ടില്ല. ഷാജി അച്ചൻ സ്വയമേവ വന്നതാണ്.

ബിഷപ് മുരിക്കനോ ഷാജി അച്ചനോ പൂവത്തോട് പള്ളി വികാരിയോ ഞാൻ കുമ്പസാരിച്ചെന്നോ കുർബാന കൈക്കൊണ്ടെന്നോ ആരോടും പറഞ്ഞിട്ടില്ല.

ക്രിസ്തുവിന്റെ പേരിൽ അവൻ എന്നോടും സ്ഥാപനത്തോടും ചെയ്ത തെറ്റുകൾ ഓർക്കുന്നതുതന്നെ എനിക്കു വിഷമമാണ്. അവൻ ചെയ്ത നീചപ്രവർത്തികളെ സാധൂകരിക്കുന്നതിന് ഇപ്പോൾ വിശ്വാസ ത്തിന്റെ മേലങ്കി അണിയുന്നുവെന്ന് മാത്രം.

ഞാൻ അവനെ എന്റെ വീട്ടിൽനിന്നും ഇറക്കി വിട്ടിട്ടില്ല. അവൻ സ്വയം ഭ്രാന്തനാണെന്ന് കരുതിയതാണ്. അല്ലാതെ പെങ്ങൻമാരോ അളി യന്മാരോ അവനെ കുറ്റപ്പെടുത്തിയിട്ടില്ല. ഇപ്പോൾ കുറച്ച് വേദവാക്യം ഉദ്ധരിച്ച് ധ്യാനപ്രസംഗം നടത്തി സ്വയം മുഖം രക്ഷിക്കാനുള്ള ഒരു പദ്ധ തിയാണ് ഇത്. പാലാ ബിഷപ്മാരോട് അടുക്കാൻ ഇത് ഒരു അവസര മായി അവൻ കണക്കാക്കുന്നു. ഇപ്പോൾ തന്നെ വളരെ ദീർഘിച്ചുപോയ ഈ ലേഖനം ഇവിടെ അവസാനിപ്പിക്കുന്നു.

എന്ന്

ജോസഫ് പുലിക്കുന്നേൽ



കഴിഞ്ഞ രണ്ടര വർഷമായി ഞാൻ രോഗകിടക്കയിലായിരുന്നു.

എഡിറ്റർ **'ഓശാന'**
ഓശാനമൗണ്ട്, ഇടമറ്റം പി.ഒ.
കോട്ടയം - 686 578
മൊബൈൽ : 9447196214

# ചർച്ച് ആക്ടിനുപിന്നിൽ

## നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ

**ജയിംസ് ഐസക്**

ചർച്ച് ആക്ട് നിയമമാക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് ജസ്റ്റിസ് വി. ആർ കൃഷ്ണയ്യർ, ജോസഫ് പുലിക്കുന്നേൽ, ജസ്റ്റിസ് കെ. ടി. തോമസ്, തുടങ്ങിയ പ്രമുഖ വ്യക്തികൾ സംസാരിച്ചപ്പോൾ ഇവർ ക്രൈസ്തവ സഭയെ താറടിക്കുവാനും കുത്തിത്തിരിപ്പുകൾ സൃഷ്ടിക്കാനും ഒരുമ്പെടുന്നുവെന്ന് പുരോഹിത - യാഥാസ്ഥിതിക ലോകം കുറ്റപ്പെടുത്തി. എന്നാൽ മത്തായിയുടെ സുവിശേഷത്തിൽ വായിക്കപ്പെടുന്ന വചനഭാഗം ചർച്ച് ആക്ടിനുവേണ്ടിയുള്ള ആഹ്വാനത്തെ ന്യായീകരിക്കുന്നു.

"നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ, അവർക്കു സംതൃപ്തി ലഭിക്കും. കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെക്കാണും. സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ, സ്വർഗരാജ്യം അവരുടേതാണ്." (മത്തായി 5 : 6-10). ക്രൈസ്തവ സമൂഹം യഥാർഥത്തിൽ ക്രിസ്തുവിന്റെ കാഴ്ചപ്പാടിൽ നീതി പുലർത്തുന്ന ഭാഗ്യവാന്മാരാണോ? ഭൗതിക കാഴ്ചപ്പാടിൽ സമ്പന്നരും പ്രശസ്തരുമാകുവാനല്ലേ ഇന്നു കേരളത്തിലെ സഭകൾ ഒന്നടങ്കം പ്രയത്നിക്കുന്നത്? സമീപകാലത്തു ഇവിടെ നടന്ന ചില സംഭവങ്ങൾ തന്നെ ഉദാഹരണം.

### ഒരു കർദിനാൾ സ്ഥാനാരോഹണം

മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷനു കർദിനാൾ സ്ഥാനം ലഭിച്ചത് വലിയ ആഘോഷമാക്കാൻ സഭ തീരുമാനിച്ചു. തിരുവനന്തപുരത്തും പരിസരങ്ങളിൽനിന്നുമായി പന്ത്രണ്ടിൽ പരം അന്യസമുദായ വ്യക്തികളെയാണു റോമിലേക്കു ക്ഷണിച്ചുകൊണ്ടുപോയത്. സ്വന്തം സഭയിൽനിന്ന് അതിൽ കൂടുതലും ഉണ്ടാകും. ഇവരിൽ മാർക്സിസ്റ്റു പാർട്ടി അംഗമായ സിറ്റിമേയർ, ശിവഗിരി മഠം സന്യാസിമാർ, പാളയം പള്ളി ഇമാം എന്നിവരും ഉണ്ടായിരുന്നു എന്നാണു അറിയുന്നത്. കൂടാതെ സഭാദ്ധ്യക്ഷന്റെ നാട്ടുകാരായ കുറെപ്പേരും ഉൾപ്പെടുന്നു. കത്തോലിക്കാ സഭയ്ക്കു റോമിൽ എത്ര പ്രതാപം ഉണ്ടെന്നു കാണിക്കുവാനും തങ്ങൾ സാർവത്രിക സഭയിലെ ഏറ്റം പ്രശസ്തവിഭാഗ

മാണെന്നും അറിയിക്കുവാൻ ഈ സംരംഭം ഉപകരിച്ചു. ഇതിനു ചെല വഴിച്ച പണം എത്രയെന്നു സഭാംഗങ്ങൾക്ക് അറിയാൻ അവകാശമില്ലേ?

ഇതുപോലുള്ള ധൂർത്ത് ഇന്നു സഭയിൽ പല തിരുമേനിമാരും പ്രക ടിപ്പിക്കാറുണ്ട്. ആരും ചോദ്യം ചെയ്യുന്നില്ല.

തിരുവല്ല രൂപതയിൽ ചെങ്ങരൂർ സെന്റ് ജോർജ് ഇടവക ദേവാ ലയം 16 വർഷം മുമ്പ് പൊളിച്ചു പണിതു. മുൻപുണ്ടായിരുന്ന ചെറിയ ദേവാലയത്തിനു പകരം അതിബ്രഹ്മാണ്ഡമായ പുതിയ ദേവാലയം പൂർത്തിയായതിൽ സന്തോഷിക്കുന്നവരും കാണും. ഇടവകക്കാരായ പലരും അമേരിക്കയിലും യൂറോപ്പിലും ഗൾഫ് നാടുകളിലും കഷ്ട പ്പെട്ടു ജോലി ചെയ്തു സമ്പാദിച്ചതിൽ ഒരു നല്ല പങ്ക് ദേവാലയ നിർമ്മാണത്തിനുവേണ്ടി ഇരന്നു വാങ്ങി. ദേവാലയം വെഞ്ചരിച്ചപ്പോൾ 40 ലക്ഷത്തിൽ പരം രൂപയുടെ കടബാദ്ധ്യത ഉണ്ടായി എന്നാണു കേട്ടത്. ഇടവകാംഗങ്ങളിൽ ചിലർ പരസ്യമായി വിമർശിച്ചത് നേരിട്ടു കേൾക്കാൻ ഇടയായി. ചർച്ച് ആക്ട് നിയമമായിരുന്നെങ്കിൽ ഇതു പോലുള്ള നിർമ്മാണത്തിന്റെ വരവു ചെലവുകൾ വ്യക്തമായി അറി യാൻ കഴിയുമായിരുന്നു.

ചെങ്ങരൂർ ദേവാലയം പൊളിച്ചു നിർമ്മിച്ച വികാരി മറ്റൊരു രൂപ തയുടെ ബിഷപ്പായി ഉയർത്തപ്പെട്ടു. അവിടെ സ്വർണനിറമുള്ള വലിയ താഴികക്കുടങ്ങളുള്ള റഷ്യൻ മോഡൽ കത്തീഡ്രലാണു നിർമിച്ചത്. റഷ്യൻ ഓർത്തഡോക്സ് സഭയിൽ നൂറ്റാണ്ടുകൾക്കുമുമ്പ് ചക്ര വർത്തിമാർ നിർമിച്ച കത്തീഡ്രലുകൾ ഇന്നു ടൂറിസ്റ്റ് കാഴ്ചകളാണ്. ഇവിടെ നിർമ്മിച്ച കത്തീഡ്രലും സന്ദർശിക്കാൻ ടൂറിസ്റ്റുകൾ എത്താ തിരിക്കുകയില്ല. ഇതിന്റെ പേരിൽ സഭാ മക്കൾക്കുണ്ടായ വമ്പിച്ച കട ബാദ്ധ്യതയെക്കുറിച്ച് ഇപ്പോൾ ആരും ചോദിക്കുന്നില്ല. ഭാവി ചിന്ത്യം! കടബാദ്ധ്യത തിരുമേനിമാർ ഏറ്റെടുക്കുകയില്ല.

## തിരുവല്ല കത്തീഡ്രൽ ചരിതം

ഇന്ത്യൻ പൗരത്വം സ്വീകരിച്ച ബ്രിട്ടീഷ് ആർക്കിടെക്ട് ലാറി ബേക്കർ ആണു തിരുവല്ലായിലെ സെന്റ് ജോൺസ് കത്തീഡ്രലിന്റെ ശിൽപി. ഏറെ സവിശേഷതകൾ ഉള്ള ഒരു ആർക്കിടെക്ട് ആണ് ഇദ്ദേഹം. നമ്മുടെ നിലവാരത്തിനു യോജിക്കാത്ത ആർഭാടം ഈ നാട്ടിൽ കെട്ടിടനിർമ്മാണത്തിൽ കാണിക്കുന്നതിനെ ഇദ്ദേഹം വിമർശി ച്ചിരുന്നു. ഡ്രസ് ചെയ്യാത്ത കല്ലും ചുടുകട്ടയും തേക്കുതടിയും ഉപ യോഗിച്ച് സിമന്റും കമ്പിയും ഒട്ടും വിനിയോഗിക്കാതെയുള്ള കെട്ടിട നിർമ്മാണത്തിനു ഒരു പ്രത്യേക ഭംഗിയുണ്ടായിരുന്നു. എന്നാൽ ദീർഘ വീക്ഷണമോ പ്രായോഗികതയോ ഇല്ലാതെ തിരുവല്ലയിൽ കത്തീഡ്രൽ നിർമ്മാണത്തിനു ബേക്കർ ശൈലി തന്നെ വേണമെന്നു സഭാദ്ധ്യക്ഷന്മാർ തീരുമാനിച്ചു. മനോഹരമായ കത്തീഡ്രൽ പൂർത്തി

യായപ്പോൾ ആർക്കിടെക്ട് 25 വർഷത്തെ ഗ്യാരന്റിയാണു നൽകിയത്. കൃത്യം 25 വർഷം കഴിഞ്ഞപ്പോൾ കത്തീഡ്രൽ മന്ദിരം നിലംപതിക്കുന്ന ലക്ഷണം കാണിച്ചു. ഉടൻതന്നെ പഴയ രൂപഭംഗിയിൽതന്നെ ആധുനിക നിർമ്മാണ പ്രക്രിയയിൽ പുതിയ കത്തീഡ്രൽ നിർമ്മിച്ചു. എത്ര രൂപയുടെ അധിക ചെലവ് ഈ ഇനത്തിൽ ചെലവായി എന്നു ചോദിക്കാൻ ആരുമില്ല. പുതിയ ദേവാലയത്തിന്റെ ആയുസ്സ് എത്രയെന്നറിവില്ല.

യൂറോപ്പിലെ ക്രിസ്ത്യൻ കത്തീഡ്രലുകൾ ആയിരത്തിലേറെ വർഷങ്ങളായി ഇന്നും നിലനിൽക്കുന്നു. കേരളത്തിൽ 25 വർഷത്തിനുള്ളിൽ ഒരു കത്തീഡ്രൽ പൊളിച്ചു പണിയേണ്ടിവരുന്നു. ഇനി പറയുക; ചർച്ച് ആക്ട് ഇവിട ആവശ്യമോ? കോടികളുടെ പാഴ്ചിലവുകളാണു വികാരിമാരും മെത്രാന്മാരും ഇന്നു സഭയിൽ തുടരുന്നത്. ജനം മൗനം പാലിക്കുന്നതു ക്ഷന്തവ്യമല്ല.

## ക്ഷേത്രഗോപുര മാതൃകയിൽ ഒരു ഇടവക ദേവാലയം

കോട്ടയം ജില്ലയിൽ ഐെയ്മനം പഞ്ചായത്തിൽ ആറ്റുതീരത്തായി ഐക്കരചിറ എന്ന ഇടവക ദേവാലയത്തിനു 26 വർഷം മുമ്പ് മനോഹരമായ ഒരു മോണ്ടളം ഉണ്ടായി. ഉയരത്തിൽ രണ്ടു ഗോപുരങ്ങൾ. തേയ്ക്കാത്ത വയർകട്ട് ബ്രിക്സിന്റെ ചുവരുകൾ. പുറത്തേക്കു തള്ളി നിൽക്കുന്ന തടികൊണ്ടുള്ള അഴിക്കൂട്. ചെറിയ ഓടുകൾ. കാണാൻ ഭംഗിയുള്ള, ക്ഷേത്രമാതൃകയിൽ നിർമ്മിച്ച ഗോപുരങ്ങൾ അഞ്ചു വർഷം മാത്രം നിലനിന്നു. കഴിഞ്ഞയാഴ്ച ഞാൻ അവിടെ കണ്ടത് കോൺക്രീറ്റ് പൈലുകൾക്കുമീതെ കോൺക്രീറ്റ് ബീമും സ്ലാബുമായി കൂടുതൽ ഉറപ്പുള്ള മോണ്ടളമാണ്. ചെളിയുള്ള അടിമണ്ണു പരിഗണിക്കാതെ ഗോപുരം നിർമ്മിച്ചാൽ ഇതു തന്നെ സംഭവിക്കും. നിർമ്മാണം നടത്തിയ പുരോഹിതന്റെപേരും ദേവാലയം വെഞ്ചരിച്ച ആർച്ചുബിഷപ്പിന്റെ പേരും മാർബിൾ ഫലകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പൊളിച്ചുപണിക്കാരായ പുരോഹിതരുടെ ആത്മസംതൃപ്തി മാർബിൾ ഫലകത്തിലെ പേരുതന്നെ. ചെലവാകുന്നതു പാവപ്പെട്ട ഇടവകജനത്തിന്റേതും.

ഈ ദേവാലയത്തിന്റെ മദ്ബഹായിലും വലിയ മാറ്റങ്ങൾ ഉണ്ടായി. ക്രൂശിതരൂപം എടുത്തുമാറ്റി. ഭീമാകാരമായ പേർഷ്യൻ കുരിശ്, അരികുകളിൽ വൈദ്യുത ദീപാലങ്കാരവുമായി സ്ഥാപിച്ചിരിക്കുന്നു. കാണാൻ കൊള്ളാം.

ഈ ദേവാലയം ഒന്നുകൂടി പൊളിച്ചുപണിയാൻ സാധ്യതയുണ്ട്. കാരണം, ഇപ്പോൾ വൈദികനും ജനവും പടിഞ്ഞാറേക്കു നോക്കി നിന്നാണു ബലി അർപ്പിക്കുന്നത്. പൗരസ്ത്യ രീതി കിഴക്കോട്ട് തിരി

ഞ്ഞാണല്ലോ. ഇനി വരുന്ന വികാരിക്കു പണം പിരിക്കാൻ ഇതു പ്രേരകമാവും. രൂപതാകേന്ദ്രവും അത് അംഗീകരിക്കും. എല്ലാം പൗരസ്ത്യവൽക്കരിക്കുക എന്നതാണല്ലോ ലക്ഷ്യം. നിർമ്മാണകാര്യങ്ങൾ മാത്രമല്ല മറ്റ് ആഘോഷങ്ങളും ദീർഘവീക്ഷണമില്ലാതെ ധൂർത്തു പ്രകടിപ്പിച്ചുകൊണ്ടാണു ഇന്നു നടത്തപ്പെടുന്നത്.

ഏതാനും വർഷംമുമ്പു കോട്ടയത്തു നടന്ന മെത്രാൻ സ്ഥാനാരോഹണത്തിനായി നിയുക്തമെത്രാനെ കൊച്ചിയിൽനിന്ന് ഹെലികോപ്റ്ററിൽ കൊണ്ടുവന്നു. പോലീസ് പരേഡ് ഗ്രൗണ്ടിൽ നിന്ന് ഒരു കിലോമീറ്റർ ദൈർഘ്യം മുത്തുക്കുട, ബാന്റ്, താലപ്പൊലി സഹിതം എതിരേൽപ്. ആരു ചോദിക്കാൻ?

എല്ലാ ഇടവകകൾക്കും ഇന്നു പാരിഷ് ഹാൾ ഉണ്ട്. വിവാഹ സ്വീകരണത്തിനു പതിനായിരത്തിൽ കുറയാതെ വാടക ഈടാക്കും. എന്നാൽ ആദായ വകുപ്പിനെ കബളിപ്പിക്കാൻ ഈ വിവാഹ മണ്ഡപങ്ങൾക്കു പേരു നൽകിയിരിക്കുന്നത് സോഷ്യോറിലീജിയസ് സെന്റർ, മതബോധന കേന്ദ്രം, തിയോളജിക്കൽ സെന്റർ എന്നിങ്ങനെയുള്ള പേരുകളിലാണ്. എന്റെ ഇടവകയിൽ മുക്തിമാതാ ഓഡിറ്റോറിയം എന്നുതന്നെ പാരിഷ്ഹാളിനു പേരിട്ടതിൽ എനിക്കും ഒരു പങ്കുണ്ട്. എന്നാൽ ആദായ നികുതി വകുപ്പ് പിഴ ഈടാക്കിയതിനു ശേഷം വിവാഹചടങ്ങിനുള്ള വാടക സൺഡേസ്കൂളിനു സംഭാവനയായി മാറി.

കേരളത്തിലെ എല്ലാ ഇടവകകളും സഭാസ്ഥാപനങ്ങളും നികുതി വെട്ടിപ്പു നടത്തുന്നതിനായി സത്യം മറച്ചുവെയ്ക്കുന്നു. ഇത് ഒരു ക്രൈസ്തവ ശൈലി തന്നെ ആയി മാറിയിരിക്കുകയാണ്. സാമ്പത്തിക നേട്ടത്തിനായി സത്യം മറച്ചുവെയ്ക്കാം എന്നു ക്രൈസ്തവ ദൈവശാസ്ത്രം അനുവദിക്കുന്നുണ്ടോ?

119-ാം സങ്കീർത്തനം ഹൃദയശുദ്ധിയുള്ള പരമാർഥ ഹൃദയർക്കു മാത്രമായുള്ള ഒരു പ്രാർഥനയാണ്. സുദീർഘമായ ഈ പ്രാർഥന സഭാധികാരികൾ ഇഷ്ടപ്പെടുമെന്നു തോന്നുന്നില്ല.

ധനലാഭത്തിലേക്കല്ല അങ്ങയുടെ കൽപനകളിലേക്ക്
എന്റെ ദൃഷ്ടി തിരിക്കണമേ! (സങ്കീ. 119 : 36)

ആയിരക്കണക്കിനു പൊൻ വെള്ളി നാണയങ്ങളെക്കാൾ
അങ്ങയുടെ വദനത്തിൽനിന്നു പുറപ്പെടുന്ന
നിയമമാണു എനിക്കു അഭികാമ്യം ( സങ്കീ. 119 : 72)

ഈ വാക്യങ്ങൾ ഉദ്ധരിക്കുവാൻ ഇന്നത്തെ കേരളീയ സഭാപ്രമാണിമാർക്കോ സന്യാസസഭാ മേധാവികൾക്കോ അർഹതയുണ്ടോ?

മെത്രാന്മാരുടെ ആഹ്വാനമനുസരിച്ചു ദീപികയുടെ ഷെയർ വാങ്ങിയ സഭാ സ്നേഹികൾ ഒരിക്കൽ വഞ്ചിതരായി. പത്രം ഫാരിസ് അബുബ

ക്കറും മാർക്സിസ്റ്റ് പാർട്ടിയും കുറച്ചു നാൾ ഏറ്റെടുത്തു നടത്തി. ഇപ്പോൾ സഭ നേരിട്ടു നടത്തുന്നു.

മെത്രാന്മാർ അഭ്യർഥിച്ചതനുസരിച്ചു ദൈവരാജ്യം പ്രചരിപ്പിക്കാൻ ചാനൽ തുടങ്ങി. ജീവൻ ടി. വി. ഇന്നു മറ്റു ബിസിനസ് പ്രമാണിമാരുടെ കയ്യിൽ എത്തി. മുൻ ആർച്ചു ബിഷപ്പുമാരുടെ പേരിൽ ദൈവശാസ്ത്രത്തിനും സഭാ ചരിത്ര ഗവേഷണത്തിനും റിസർച്ചു കേന്ദ്രങ്ങൾ സ്ഥാപിച്ചു. ചില സ്ഥാപനങ്ങൾക്കു വിദേശത്തുനിന്നും ധനസഹായം ലഭിച്ചു. ഇവിടെ യൂണിവേഴ്സിറ്റികളിൽ എന്നപോലെ ഗവേഷണം നടക്കുന്നുവെന്ന് ആരെങ്കിലും ധരിച്ചാൽ അവർ വിഡ്ഢികളാകും.

മതബോധനകേന്ദ്രമെന്നും സഭാ ചരിത്രമ്യൂസിയം എന്നും ബോർഡുള്ള ചില സ്ഥാപനങ്ങളിൽ സന്ദർശനത്തിനു ശ്രമിച്ചിട്ടുണ്ട്. വെറും ബോർഡുകളല്ലാതെ അവിടെ ഒന്നുമില്ല. എങ്കിലും ചില പ്രത്യേക സന്ദർഭങ്ങളിൽ ദീപികയിൽ വലിയ വാർത്തകൾ ഉണ്ടാകാറുണ്ട്.

തട്ടിപ്പും വെട്ടിപ്പും വിശ്വാസ വഞ്ചനയും നിറഞ്ഞ സഭാന്തരീക്ഷം ഒന്നു തെളിഞ്ഞ് ഹൃദയശുദ്ധിയുള്ള ചർച്ച് ആക്ട് നിയമം ആകണമെന്ന് ആഗ്രഹിക്കുന്നു.

□□


## പാറേമ്മാക്കൽ ഗോവർണദോറുടെ
## വർത്തമാനപ്പുസ്തകം (മൂന്നാം പതിപ്പ്)

കേരള സഭയുടെ ആദ്ധ്യാത്മിക പിതാവും സഭയെ വിദേശാധിപത്യത്തിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടിയുള്ള സഹന സമരത്തിന്റെ നേതാവുമായിരുന്ന പാറേമ്മാക്കൽ ഗോവർണദോറുടെ വർത്തമാനപ്പുസ്തകത്തിന്റെ മൂന്നാം പതിപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്നു. നല്ല മേനികടലാസിൽ അച്ചടിച്ച് ആധുനിക മലയാളഭാഷയിൽ പരാവർത്തനം ചെയ്ത ഈ ഗ്രന്ഥം സഭാചരിത്ര പഠിതാക്കൾക്ക് ഒരു കൈപ്പുസ്തകമാണ്.

പരാവർത്തനം : പ്രൊഫ. മാത്യു ഉലകംതറ

വില 125/- രൂപ.

പത്തുകോപ്പികൾ എടുക്കുന്നവർക്ക് ഒരു കോപ്പിക്ക് 100 രൂപ മാത്രം.

വിലാസം : ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഓശാനമൗണ്ട്, ഇടമറ്റം പി.ഒ, ഭരണങ്ങാനം, കോട്ടയം– 686578

# ദൈവശാസ്ത്രപരമല്ല

**ജോസഫ് പുലിക്കുന്നേൽ**

1500-ാം ആണ്ടിൽ നടന്ന ലൂഥറൻ വിപ്ലവത്തിന് കത്തോലിക്കാ സഭയുമായി ദൈവശാസ്ത്രപരമായ ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു. കാൽവിനും ലൂഥറും ബൈബിളിൽ പുതിയ മാനങ്ങൾ കണ്ട് അവയെ പ്രചരിപ്പിക്കുകയായിരുന്നു. എന്നാൽ കത്തോലിക്കാസഭ തികച്ചും യാഥാസ്ഥിതികമായ നിലപാടാണ് കൈക്കൊണ്ടിരുന്നത്. അങ്ങനെയാണ് 16-ാം നൂറ്റാണ്ടിൽ സഭ പിളർന്നത്. ഇന്ന് കേരളത്തിലെ സഭയിൽ ഉരുണ്ടുകൂടിയിരിക്കുന്ന അഭിപ്രായവ്യത്യാസത്തിന് കാരണം ദൈവശാസ്ത്രപരമല്ല. സഭയുടെ പ്രവർത്തനത്തിൽ നടക്കുന്ന അനീതികളാണ് ഇന്ന് സഭയിൽ എതിർപ്പ് ഉണ്ടാക്കിയിരിക്കുന്നത്. അതുകൊണ്ട് ദൈവശാസ്ത്രപരമായ ഒരു പുനർചിന്ത ഇന്ന് തികച്ചും അപ്രസക്തമാണ്. സഭയുടെ സ്ഥാപനങ്ങളിൽ നടന്നുപോരുന്ന അഴിമതികളും അനീതികളുമാണ് സഭാമക്കളുടെ കണ്ണുതുറക്കുവാൻ കാരണമായത്. അതുകൊണ്ട് ഇന്ന് ആവശ്യം ഇക്കാലഘട്ടത്തിൽ നടന്ന അഴിമതിയെക്കുറിച്ച്, അനീതിയെക്കുറിച്ച് ഒരു അന്വേഷണം നടത്തുകയാണ്. സഭയിലെ അധികായന്മാരായിരുന്ന പലരേയും സഭാധികാരം അന്യായമായി വെട്ടിവീഴ്ത്തുകയുണ്ടായി. അതിനൊന്നും ഒരു ന്യായീകരണവും ഉണ്ടായിരുന്നില്ല.

മുണ്ടശ്ശേരി മാസ്റ്റർ എന്ന അതിപ്രശസ്തനായ അദ്ധ്യാപകനെ തൃശൂർ സെന്റ് തോമസ് കോളേജിൽനിന്നും പുറത്താക്കാൻ എടുത്ത നടപടി ശരിയാണോ എന്ന ഒരു പുനർവിചിന്തനമാണ് ഇന്നു നടക്കേണ്ടത്. അദ്ദേഹം ചൈനയിലേക്ക് പോയപ്പോൾ യൂണിവേഴ്സിറ്റി ചോദ്യക്കടലാസുകൾ നോക്കിയില്ല എന്ന ഒരു ആരോപണം ഉന്നയിച്ച് അദ്ദേഹത്തിന്റെ സേവനത്തിന്റെമേൽ കരിതേയ്ക്കാനാണ് കോളേജ് അധികൃതർ പരിശ്രമിച്ചതെന്ന് അദ്ദേഹം തന്റെ ആത്മകഥയിൽ വിവരിക്കുന്നുണ്ട്. ഇതിനെക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തി മുണ്ടശ്ശേരി മാസ്റ്റർക്ക് നീതി കൊടുക്കേണ്ടതാണ്.

അതുപോലതന്നെ തൃശൂർ സെന്റ് തോമസ് കോളേജിൽ വെച്ച് എം.പി.പോളിനെ പുറത്താക്കിയ സംഭവവും ക്രൈസ്തവനീതിക്ക് നിരക്കുന്നതാണോ എന്ന് ഒരു പഠനം നടത്തേണ്ടതാണ്. സെന്റ് തോമസ് കോളേജിൽ നിന്നും പുറത്താക്കിയ അദ്ദേഹം ചങ്ങനാശ്ശേരി സെന്റ് ബെർക്ക്മെൻസ് കോളേജിനെ ഒരു പ്രതിസന്ധിയിൽനിന്നും രക്ഷിക്കുന്നതിനായി ഓടിയെത്തുകയുണ്ടായി. ആ മഹാമനസ്കതയുടെ മുമ്പിൽ കൈകൂപ്പിനിന്ന് നന്ദി പറയാൻ, കൃതജ്ഞതയോടെ സ്മരിക്കാൻ ഇന്നും സഭ തയ്യാറായിട്ടില്ല. അവിടെനിന്നും എം.പി. പോളിനെ അനീതിയായി പിരിച്ചുവിടുകയാണുണ്ടായത്.

ഈ സംഭവങ്ങൾ അന്നത്തെ യുവാക്കളുടെ മനസ്സിൽ സൃഷ്ടിച്ച അനീതിക്കെതിരെയുള്ള ധർമരോഷം ഇന്നും കത്തോലിക്കാ വിദ്യാലയങ്ങളുടെ അന്തരീക്ഷത്തിൽ അലയടിച്ചുകൊണ്ടിരിക്കുകയാണ്. ഈ സംഭവങ്ങൾ ഏതു ക്രൈസ്തവനീതിയുടെ അടിസ്ഥാനത്തിലാണ് അരങ്ങേറ്റിയതെന്ന് ദൈവശാസ്ത്രപരമായ ഒരു പഠനം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. യുവാക്കളെ അന്നത്തെക്കാലത്ത് സഭയിൽനിന്നും മാനസികമായി അകറ്റിയ രണ്ടു പ്രശ്നങ്ങളായിരുന്നു മുണ്ടശ്ശേരി പ്രശ്നവും എം.പി. പോൾ പ്രശ്നവും. ഞാൻ കോളേജിൽ പഠിക്കുന്ന കാലത്ത് യുവാക്കളുടെ ഇടയിൽ വിപുലമായി ചർച്ച ചെയ്യപ്പെട്ട സംഭവങ്ങളായിരുന്നു ഇവ. അതുപോലെതന്നെ അന്ന് സമൂഹത്തിൽ നിലനിന്നിരുന്ന അനീതിയെക്കുറിച്ചുള്ള ബോധം യുവാക്കളുടെ മനസ്സിനെ സഭയിൽനിന്നും പിടിച്ചകറ്റുകയുണ്ടായി. കാറൽ മാർക്സിന്റെ കമ്മ്യൂണിസം അന്ന് പ്രചാരത്തിലേയ്ക്ക് വന്നുകൊണ്ടിരുന്നെങ്കിലും കത്തോലിക്കാ സഭയ്ക്കുള്ളിൽ സാമൂഹ്യനീതിക്കുവേണ്ടിയുള്ള ദാഹവും വർദ്ധിച്ചുകൊണ്ടിരുന്നു.

ലിയോ പതിമൂന്നാമൻ മാർപാപ്പായുടെ "റേരും നൊവേരും" എന്ന ചാക്രിക ലേഖനത്തിന്റെ അടിസ്ഥാനമായ ക്രൈസ്തവ ദർശനങ്ങളെക്കുറിച്ച് ധ്യാനപ്രസംഗങ്ങളിൽ പറയുമായിരുന്നെങ്കിലും അവ പ്രായോഗിക തലത്തിൽ നടപ്പിലാക്കാൻ സഭ ഒന്നും ചെയ്തില്ല. എന്നുമാത്രമല്ല, അവയുടെ നിരാകരണത്തിലായിരുന്നു സഭയ്ക്കു താല്പര്യം.

പന്ത്രണ്ടാം പീയൂസ് മാർപാപ്പായുടെ രാജകീയ പൗരോഹിത്യത്തോട് അഭിരമിച്ചിരുന്ന കേരള കത്തോലിക്കാ സഭക്ക് ജനങ്ങളിൽ മനുഷ്യത്വമില്ലാതാക്കുന്ന സാമൂഹിക അനീതിയെക്കുറിച്ചായിരുന്നില്ല ചിന്തിക്കാൻ സമയം. അന്ന് മലയാളസാഹിത്യത്തിൽ ഉരുത്തിരിഞ്ഞിരുന്ന മനുഷ്യാഭിമുഖമായ സാഹിത്യസൃഷ്ടികളോട് മുഖം തിരിഞ്ഞുനിൽക്കാനാണ് സഭ തയ്യാറായത്.

ചങ്ങമ്പുഴയുടെ വാഴക്കുലയും മറ്റു കൃതികളുമെല്ലാം മനുഷ്യഹൃദയങ്ങളിൽ പുതിയ മാനവികതയുടെ ദർശനങ്ങൾ മുന്നോട്ടുവെച്ചപ്പോൾ അവയിൽനിന്നെല്ലാം മുഖം തിരിച്ചുനിൽക്കാനാണ് സഭ തയ്യാറായത്. പൊൻകുന്നം വർക്കിയെയും തകഴിയെയുമെല്ലാം സാഹിത്യകാരന്മാരുടെ ശ്രേണിയിൽനിന്നും തച്ചിടാനാണ് അന്ന് കത്തോലിക്കാ പുരോഹിതർ തയ്യാറായത്. തിരുമുൽക്കാഴ്ച എന്ന സാഹിത്യഗ്രന്ഥം പാഠപുസ്തകത്തിന്റെ പദവിയിൽനിന്നും തച്ചൊടിക്കാൻ അന്നു സഭ നടത്തിയ പരിശ്രമം സാഹിത്യപ്രേമികളുടെ ദൃഷ്ടിയിൽ അരോചകമായിരുന്നു. ഒരു തലമുറയുവാക്കന്മാരെ സാഹിത്യ ആസ്വാദനത്തിൽനിന്നും മാറ്റി നിർത്താൻ കഴിഞ്ഞു എന്നതിനപ്പുറം ഇതിന് സഭയ്ക്ക് എന്തെങ്കിലും ഒരു നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞില്ല. അന്ന് കമ്മ്യൂണിസത്തിനെതിരെ ഉറഞ്ഞുതുള്ളിയിരുന്ന നടുവത്തുശ്ശേരിമാർ ഇന്ന് എവിടെ?

കേരളം ഒന്നാകെ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുമായി പടയോട്ടം നടത്തിയ വടക്കനച്ചൻ ഇന്ന് എവിടെ ഉറങ്ങുന്നു? റേരും നൊവേരിന്റെയും ക്വാദ്രോ ജെസിമോ അന്നോയുടെയും പ്രസക്തി ഇന്ന് സഭയിലില്ല; ഒരിക്കലും ഉണ്ടായിരുന്നുമില്ല. വടക്കനച്ചന്റെ പടയോട്ടത്തിനുശേഷവും കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്നും അധികാരത്തിലാണ്. ദൈവം കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരെ എന്തോ സത്യപ്രതിജ്ഞ എടുത്തിട്ടുള്ളതുപോലെയായിരുന്നു അന്നത്തെ പുരോഹിതന്മാരുടെ നിലപാട്. എന്നാൽ ഇന്ന് കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തോട് അത്രയൊന്നും എതിർപ്പ് പുരോഹിതർക്കില്ല.

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം എത്രയെത്ര വേഷങ്ങളാണ് സഭ രാഷ്ട്രീയത്തിൽ കെട്ടിയാടിയത്. അതിന് പിന്നിൽ പ്രവർത്തിച്ചിരുന്ന ലക്ഷ്യങ്ങളെന്തൊക്കെയായിരുന്നു? ക്രിസ്തുവായിരുന്നോ? ഒരിക്കലുമല്ല. അദ്ധ്വാനിക്കുന്നവരുടെകൂടെയായിരുന്നു ക്രിസ്തു. അന്ന് അരമനകളിൽ സുഖജീവിതം നയിച്ചിരുന്ന പുരോഹിത പരിഷകൾക്ക് ക്രിസ്തുവിനെക്കാണാൻ സമയം ഉണ്ടായിരുന്നില്ല. പൊന്നരുളിക്കയിൽ പൊൻതാക്കോലിട്ടുപൂട്ടിയിരുന്ന പേടകത്തിൽ ക്രിസ്തുവിനെ തളച്ചിടാനായിരുന്നു സഭാധികാരത്തിന്റെ തത്രപ്പാട്.

അതേ, എന്റെ വാക്കുകൾ കാടുകയറിപോകുന്നുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. പക്ഷേ ഇന്നത്തെ സാഹചര്യത്തിൽ ഇത്തരം കാടുകയറ്റങ്ങൾ അനിവാര്യങ്ങളാണ്. ഒരു മദർതെരേസയെയും ഒരു അൽഫോൻസാമ്മയേയും ചൂണ്ടിക്കാട്ടി പുണ്യത്തിന്റെ പടവുകൾ താണ്ടാൻ ധ്യാനപ്രസംഗങ്ങൾ നടത്തുന്ന പുരോഹിതർ ഇന്നും ക്രിസ്തുവിനെയല്ല തങ്ങളുടെ മാതൃകയാക്കുന്നത്. നേരെമറിച്ച് പുണ്യവാന്മാരുടെ മദ്ധ്യസ്ഥതയിൽ സ്വർഗപ്രാപ്തിക്ക് വിശ്വാസികളെ ഒരുക്കാനാണ് അവർക്ക് തത്രപ്പാട്. അതിനുള്ള ദൈവശാസ്ത്രങ്ങളാണ് ഇന്ന് അന്വേഷിക്കുന്നത്. ഇന്ന് വിശ്വാസികൾക്കാവശ്യം ക്രിസ്തുവിന്റെ മാതൃകയാണ്; ദൈവശാസ്ത്രമല്ല. ക്ഷമിക്കുക.

ഈ എളിയവനായ ഞാൻ 1958 – 65 കാലഘട്ടത്തിൽ കോഴിക്കോട് ദേവഗിരി കോളേജിൽ അധ്യാപകനായിരുന്നു. എന്റേയും സഹപ്രവർത്തകരായ അനേകംപേരുടെയും അനുഭവങ്ങൾ "പ്രൈവറ്റ് കോളേജ് അധ്യാപകന്റെ സ്മരണകൾ" എന്ന എന്റെ ആത്മകഥയിൽ ഞാൻ കുറിച്ചിട്ടുണ്ട്. എന്റെ മാത്രമല്ല മറ്റ് അനേകരുടെയും അനുഭവങ്ങളുടെ ചൂട് ഇറ്റിവീണകഥകളാണ് ആ ഗ്രന്ഥത്തിലുള്ളത്. കേരള കലാചരിത്രത്തിൽ വേറൊരു പാത തുറന്ന ഫാ. ആബേൽ സി.എം.ഐ തന്റെ സഭയിലെ ചില അധികാരികളിൽനിന്നും അനുഭവിക്കേണ്ടിവന്ന പീഢനം എത്രയെന്ന് സഭാധികാരികൾക്ക് എഴുതിയിട്ടുണ്ട്. ക്രൈസ്തവഗാനത്തിന് പുത്തൻപാത കൊടുത്ത ആ വന്ദ്യപുരോഹിതനോട് കർമ്മലീത്താ സഭാധികാരം നടത്തിയ അനീതിയെക്കുറിച്ച് ഇന്ന് പഠിക്കുന്നത് നന്നായിരിക്കും. കേരള കർമ്മലീത്താ സഭയിലെ വളരെ പ്രശസ്ത ആർക്കിടെക്റ്റായ ഫാ. മാരീനൂസ് സി.എം.ഐ.യെ തളച്ചിടാൻ അന്നത്തെ ദേവഗിരി കോളേ

ജിലെ സന്യാസ നേതൃത്വം നടത്തിയ ക്രൂരമായ പടയോട്ടം ഇന്നും വിസ്മരിക്കാറായിട്ടില്ല. ഫാ. ആബേലും ഫാ. മാരീനൂസും ഇന്നില്ല. അവരെ ക്രൂശിലേറ്റിയ പരിഷകൾ ഇന്ന് ജീവിച്ചിരിക്കുന്നില്ലെങ്കിലും അവരുടെ ക്രൂരതയുടെയും അനീതിയുടെയും ക്രൂരവിനോദത്തെക്കുറിച്ച് ഒന്ന് പഠിക്കുന്നത് നന്നായിരിക്കും. കത്തോലിക്കാ സഭയിലെ ശവസംസ്കാര ശുശ്രൂഷമുതൽ അനേക ഗാനശുശ്രൂഷകൾ ഫാ. ആബേലിന്റെ പേനയിൽനിന്നും ഒഴുകിവീണതാണ്. അദ്ദേഹത്തിന്റെ ജീവിതാന്ത്യത്തെ ക്ലേശകരമാക്കാൻ സി.എം.ഐ. സഭാനേതൃത്വം നടത്തിയ മനുഷ്യത്വഹീനമായ വിനോദത്തെക്കുറിച്ച് സഭ പഠിക്കേണ്ടതാണ്. ഓ! അത് സി.എം.ഐ.സഭയുടെ കാര്യമല്ലേ എന്നു പറഞ്ഞ് മാറ്റിനിർത്താൻ സാധ്യമല്ല. സി.എം.ഐ. സഭയും കത്തോലിക്കാസഭയുടെ ഭാഗമല്ലേ. ഇന്നും ഈ ക്രൂരതകളെക്കുറിച്ച് അറിയാവുന്ന അനേകംപേർ ജീവിച്ചിരിപ്പുണ്ട്. ബഹുമാനപ്പെട്ട ആബേലച്ചന്റെയും മാരീനൂസ് അച്ചന്റെയും കഥ അറിയാവുന്നവരും.

സ്വകാര്യകോളജധ്യാപകന്റെ സ്മരണകൾ എന്ന എന്റെ ഗ്രന്ഥം പഠിച്ച് അതിൽ ഞാൻചൂണ്ടിക്കാണിച്ചിരിക്കുന്ന കള്ളസാക്ഷിയുടെകഥയും മറ്റും മനസ്സിലാക്കി അതിന്റെ പേരിൽ ഞാൻ സഹിക്കേണ്ടിവന്ന പീഢനങ്ങൾക്ക് എന്തെങ്കിലും പരിഹാരം ചെയ്യേണ്ടതല്ലേ. ഒരു തെറ്റും ചെയ്യാതെ കള്ള സാക്ഷിവരെ പറഞ്ഞ് എന്നെ ക്രൂശിലേറ്റിയ ആ സംഭവം കർമ്മലീത്താ സഭ മാത്രമല്ല കത്തോലിക്കാ സഭതന്നെ ആഴമായി പഠിച്ച് പരിഹാരം ചെയ്യേണ്ടതല്ലേ. അവസാനം എന്നെ ദ്രോഹിച്ച നരിതൂക്കിൽ ആന്റണി അച്ചൻ കുറ്റം സമ്മതിച്ച് എന്നോട് ക്ഷമാപണം നടത്തുകയുണ്ടായി. അന്ന് കോളജിന്റെ മാനേജരായിരുന്ന റിച്ചാർഡ് അച്ചനും അതിനു സാക്ഷിയായിരുന്നു. കേവലമായ ഒരു ക്ഷമാപണംകൊണ്ട് ആ പ്രശ്നം തീരുമോ? എന്റെ ആയുസ്സിന്റെ നല്ല ഭാഗം ജോലിയില്ലാതെയാക്കാൻ അന്ന് മെലാനിയോസ് അച്ചനും ആന്റണി അച്ചനും കഴിഞ്ഞു. ഇതിനു സി.എം.ഐ. സഭ പരിഹാം ചെയ്യേണ്ടതല്ലേ?

□□

## അറിയിപ്പ്

കേരള ചരിത്രത്തിലെ അതിപ്രശസ്ത കത്തോലിക്കാ നേതാവായിരുന്ന ഷെവ. സി. ജെ വർക്കിയെക്കുറിച്ച് അറിവുള്ളവർ അവരുടെ അറിവുകൾ എഴുതി അയച്ചാൽ ഉപകാരമായിരുന്നു. സെന്റ് ഫിലോമിനാസ് കോളജിൽ എന്റെ അധ്യാപകാനായിരുന്ന ആ പ്രശസ്ത കത്തോലിക്കാ നേതാവിന്റെ ജീവചരിത്രം എഴുതണം എന്ന് ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ വീട്ടുപേരും ജനനതീയതിയും മരണതീയതിയും അറിഞ്ഞാൽ അത് ഉപകാരമായിരിക്കും. അദ്ദേഹത്തിന്റെ മകളുടെയും മകളുടെ ഭർത്താവായ പ്രൊഫ.പി.സി. ജോസഫിന്റെയും (സെന്റ് തോമസ് കോളജ്, പാലാ) വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നു.

# പൗരോഹിത്യം പിൻവലിക്കണം

ക്രിസ്തുവിന്റെ പുരോഹിതന്റെ ഹൃദയത്തിൽ വൈരാഗ്യവും പകയും ഉണ്ടാകാൻ പാടില്ല. "*നീ ബലിപീഠത്തിങ്കൽ കാഴ്ച അർപ്പിക്കുമ്പോൾ, നിന്റെ സഹോദരന്നു നിന്നോടു പിണക്കമുണ്ട് എന്ന് അവിടെവച്ച് ഓർമി ക്കയാണെങ്കിൽ, കാഴ്ചവസ്തു ബലിപീഠത്തിന്റെ മുമ്പിൽ വച്ചിട്ടു പോകുക; ആദ്യം നിന്റെ സഹോദരനുമായി രമ്യപ്പെടുക; പിന്നീടു വന്നു കാഴ്ച അർപ്പിക്കുക.*" (മത്താ. 5 : 23,24) ഇതാണ് ക്രിസ്തുവിന്റെ കല്പന. ഇതാണ് ക്രിസ്തുവിന്റെ പുരോഹിതൻ അർപ്പിക്കേണ്ട കടമ.

ചേർത്തല ഉഴുവ സെന്റ് അന്നാസ് പള്ളി വികാരിയായ ഫാ. പി. എ. ആന്റണിയാണ് ക്രിസ്തുവിന്റെ മഹത്തായ നിയമങ്ങളെ ലംഘിച്ചുകൊണ്ട് ഇന്നു പുരോഹിതവേഷം കെട്ടുന്നത്. ഇത്തരക്കാരുടെ പുരോഹിത വേഷവും അധികാരവും മെത്രാന്മാർ പിൻവലിക്കേണ്ടതാണ്. ഉഴുവ പള്ളി ഇടവകാംഗമായ കളവംകോടം ചേന്നാട് അഡ്വ എം. ജോർജിന്റെ ഭാര്യ എം. പി. ലീലാമ്മയുടെ മൃതദേഹം അടക്കുന്നതിന് നിരസിച്ചതാണ് ഫാ. ആന്റണിയുടെ പുരോഹിത മഹത്വം. കാരണം എന്തെന്നല്ലേ. ലീലാമ്മ യുടെ മകൻ ഷിജു കൃത്യമായി പള്ളി ആരാധനയ്ക്ക് ചെന്നില്ലെന്നുള്ള താണ് ഫാദർ എന്നു വിളിക്കപ്പെടുന്ന ആന്റണിയുടെ രോഷം. ലീലാമ്മ യുടെ ഭർത്താവ് അഡ്വ. എം. ജോർജിന് തളർവാതംമൂലം നടക്കാനാ വാത്ത അവസ്ഥയാണുള്ളത്. ഇതെല്ലാം കൂടി കണക്കുകൂട്ടിയാണ് പൈശാചിക ഫാ. ആന്റണി മൃതദേഹം സെമിത്തേരിയിൽ അടക്കാതി രുന്നത്. എല്ലാ ആരാധന ദിവസവും ആരാധനയ്ക്ക് എത്താതിരുന്നതിന് ക്ഷമ ചോദിക്കാൻ ലീലാമ്മയുടെ മകൻ തയ്യാറാകാതിരുന്നതുമൂലമാണ് ആന്റണി ക്ഷുഭിതനായത്. പള്ളിയിലുള്ള ആരാധന ഓരോ മനുഷ്യ ന്റെയും ഇഷ്ടമനുസരിച്ചാണ് നടത്തേണ്ടത്. ഏതെങ്കിലും ഒരു കള്ളക്ക ത്തനാരുടെ ഭീഷണിയിലല്ല ആരാധന നടത്തേണ്ടത്. ഇത്തരം കള്ളക്ക ത്തനാരന്മാരാണ് സഭയുടെ പേരു കളയുന്നത്. ജനങ്ങളെ സഭയിൽനിന്നും ഓടിച്ചകറ്റുന്നത്. ഇത്തരക്കാരെ ഒരു നിമിഷമെങ്കിലും പുരോഹിതനായി വേഷം കെട്ടാൻ അനുവദിച്ചുകൂടാ. പള്ളിയിൽനിന്നും ഇത്തരക്കാരെ പുറ ത്താക്കണം.

ലീലാമ്മയെ ഹിന്ദു ആചാരപ്രകാരമാണ് ദഹിപ്പിച്ചതെന്ന് പത്രവാർത്ത കണ്ടു. ഇന്ന് കാനോൻ നിയമമനുസരിച്ച് ക്രിസ്ത്യാനിയെ ദഹിപ്പിക്കാൻ അനുവാദമുണ്ട്. ദഹിപ്പിക്കുന്നത് ഹിന്ദു ആചാരമല്ല; ഭാരതീയ ആചാര മാണ്. എന്റെ ഭാര്യ ശ്രീമതി കൊച്ചുറാണിയെ വീട്ടുവളപ്പിൽ ദഹിപ്പിക്കു കയാണുണ്ടായത്. എന്റെ മരണശേഷം എന്റെ മൃതദേഹവും ദഹിപ്പിക്ക ണമെന്ന് ഞാൻ നിർദേശിച്ചിട്ടുണ്ട്. അത് ഹിന്ദു ആചാരപ്രകാരമല്ല. കല്ല റയിൽ അടക്കുന്നതുപോലെ തന്നെയാണ് മനുഷ്യശരീരം ദഹിപ്പിക്കു

ന്നതും. ഇതിന് മതപരമയ അർഥം കൊടുക്കേണ്ട യാതൊരു കാര്യവുമില്ല. ഒരു മനുഷ്യൻ എങ്ങനെ ജീവിച്ചു എന്നല്ലാതെ എങ്ങനെ മൃതദേഹത്തെ അടക്കി എന്നു ചിന്തിക്കാൻ ദൈവത്തിന് സമയമില്ല.

ആന്റണി എന്ന കത്തനാർ ക്രിസ്തു ആവിഷ്കരിച്ച മനുഷ്യത്വത്തെക്കുറിച്ച് എന്തെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ? പൗരോഹിത്യത്തെ വയറ്റിപ്പിഴപ്പിനുവേണ്ടിയുള്ള ഒരു തൊഴിലായിട്ടാണോ അയാൾ കാണുന്നത്. അങ്ങനെയെങ്കിൽ അയാളെ ആ തൊഴിലിൽ നിന്നും പറഞ്ഞുവിടേണ്ടത് സഭയ്ക്ക് അത്യന്താപേക്ഷിതമാണ്. പുത്തൻ മാർപാപ്പാ കാരുണ്യത്തെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും പുതിയ പഠനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവയൊന്നും ഈ കത്തനാരുടെ മനസ്സിൽ പതിഞ്ഞിട്ടില്ല. ഏതായാലും ലീലാമ്മയുടെ മൃതശരീരം ദഹിപ്പിച്ചത് അങ്ങേയറ്റം ഉചിതമായി. ഇതുതന്നെയാണ് നാം ചെയ്യേണ്ടത്.

പൗരോഹിത്യത്തെ തന്റെ സ്ഥാനവലുപ്പത്തിനുവേണ്ടി ഉപയോഗിക്കുകയാണ് ഇന്നു ചിലർ. ഉള്ളിൽ പകയും വിദ്വേഷവും കാത്തുസൂക്ഷിച്ചുകൊണ്ട് ഇവർ നടത്തുന്ന ആരാധന കേവലം കൈക്രിയകൾ മാത്രമാണ്. സെമിനാരിയിൽ ഇവരെ കൈക്രിയകൾ ചെയ്യാൻ മാത്രമാണോ പഠിപ്പിക്കുന്നത്? അവരുടെ ഹൃദയത്തെ ക്രിസ്തുവിനു അഭിമുഖമായി നിർത്താൻ സെമിനാരിയിൽ ഇന്ന് ഒരു പാഠഭാഗവും ഇല്ല. പുണ്യവാളന്മാരെ സൃഷ്ടിച്ചുകൊണ്ടുമാത്രം സെമിനാരിയിലെ വൈദികരിൽ മനുഷ്യത്വം ഉണ്ടാകുകയില്ല. മദർതെരേസമാർ പത്തോ നൂറോ ഉണ്ടായാലും കഠിനഹൃദയരായ പുരോഹിതരുടെ ഹൃദയത്തിന് സൗമ്യതയുടെയും മനുഷ്യത്വത്തിന്റേയും ഭാവങ്ങൾ ഉണ്ടാക്കാൻ കഴിയുകയില്ല. കത്തോലിക്കാ സഭയിൽ ഇന്നു സംഭവിച്ചിരിക്കുന്നത് പകയും വിദ്വേഷവും കുത്തിനിറച്ച ഹൃദയവുമായി അധികാരം ഭരിക്കുന്ന കുറെ വൈദികരെ സൃഷ്ടിക്കലാണ്. നാലുവാരതുണികൊണ്ട് വേഷം അണിഞ്ഞ ഇവർ കാണിക്കുന്ന കോമാളിത്തരം ക്രിസ്തുവിന്റെ സാക്ഷ്യത്തിന് വിരുദ്ധമാണ്. ഇതു മനസ്സിലാക്കാൻ വിശ്വാസികൾ തയ്യാറാകണം. ഇവരുടെ നാലുവാരതുണിയുടെ വസ്ത്രം ഉരിഞ്ഞ് ഇവരെ പുരോഹിതരല്ലാതെയാക്കണം. അത് മെത്രാന്മാരുടെ കടമയാണ്. ജനങ്ങളുടെയും കടമയാണ്.

ജോസഫ് പുലിക്കുന്നേൽ

# ഏകീകൃത സിവിൽകോഡ്

**ജോസഫ് പുലിക്കുന്നേൽ**

ഭാരതത്തിൽ ഒരു ഏകീകൃത സിവിൽ കോഡ് ആവശ്യമാണോ എന്ന പ്രശ്നം ഇപ്പോൾ സജീവമായി ചർച്ചയ്ക്ക് വിധേയമായിരിക്കുകയാണ്. സീറോമലബാർ സഭയുടെ ആർച്ച് ബിഷപ് മാർ ജോർജ് ആലഞ്ചേരിയും ലത്തീൻ സഭയുടെ ആർച്ച് ബിഷപ്പ് മാർ സൂസൈപാക്യവും ഇതിനെ സ്വാഗതം ചെയ്തിട്ടുണ്ട് എന്നത് സ്വാഗതാർഹമാണ്.

വളരെയധികം മതങ്ങളും ജാതികളും വർഗങ്ങളും വസിക്കുന്ന ഒരു രാഷ്ട്രമാണ് ഭാരതം. ഭാരതത്തിന്റെ പിറവിയോടൊപ്പംതന്നെ ഏകീകൃത സിവിൽകോഡിനെ സംബന്ധിച്ച് ചർച്ച ആരംഭിക്കുകയുണ്ടായി. അന്ന് തങ്ങൾക്ക് വേറൊരു രാഷ്ട്രം വേണമെന്നാവശ്യപ്പെട്ടുകൊണ്ട് മുസ്ലീമുകൾ ബ്രിട്ടീഷ് ഗവൺമെന്റിന്റെമേൽ സമ്മർദം ചെലുത്തുന്നകാലമായിരുന്നു. അതുപോലെ തന്നെ ഒരു ഹിന്ദുകോഡ് ആവശ്യമാണെന്ന് മറ്റ് ചിലരും ചിന്തിച്ചു.

അന്ന് ഹിന്ദുകോഡിനെ ഡോ. രാജേന്ദ്രപ്രസാദും പട്ടേലും എം.സി ചാറ്റർജിയുമെല്ലാം എതിർക്കുകയുണ്ടായി. എല്ലാ മതങ്ങൾക്കും സ്വീകാര്യമാകുന്ന ഒരു കോമൺ സിവിൽകോഡ് ഉണ്ടാകണമെന്ന ആവശ്യം ഇന്ത്യൻ ഭരണഘടനയുടെ ഉദ്ദേശലക്ഷ്യത്തിൽ ഉൾക്കൊള്ളിക്കുകയുണ്ടായി. ഒരു രാഷ്ട്രമാണെങ്കിൽ ആ രാഷ്ട്രത്തിലെ പൗരന്മാർക്ക് ജാതിമതഭേദമെന്യേ ഒരു നിയമമുണ്ടാകണമെന്ന കാഴ്ചപ്പാട് ഇന്ത്യ സ്വീകരിച്ച സെക്കുലർ ജനാധിപത്യത്തിന് അനുകൂലമാണ്.

ഇന്ത്യൻ പൗരന്മാരെ മതാടിസ്ഥാനത്തിൽ വിഭജിക്കുന്നത് തീർച്ചയായും ഭാരതത്തിന്റെ സെക്കുലർ നിലനില്പിനെ വിപരീതമായി ബാധിക്കും എന്നതിൽ സംശയമില്ല. ഈ സാഹചര്യത്തിൽ ബഹു. ആലഞ്ചേരിയും സൂസൈപാക്യവും എടുത്ത തീരുമാനം ഭാരതക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം സ്വീകാര്യമാണ്. ഇന്ത്യയുടെ വിഭജനകാലത്ത് ഇന്ത്യയിലെ ക്രിസ്ത്യാനികൾ ധീരമായ ഒരു നിലപാട് എടുക്കുകയുണ്ടായി. ആ ധീരമായ നിലപാടാണ് ഇന്ത്യൻ ക്രിസ്ത്യാനികളെ ഭാരത സെക്കുലറിസത്തിൽ ഉറച്ച പിന്തുണക്കാരാക്കിയത്. ക്രിസ്ത്യാനികൾ ഭാരതത്തിൽ നൂറ്റാണ്ടുകളായി ജീവിക്കുന്നു. ആ ജീവിതത്തിൽനിന്നുള്ള അനുഭവമാണ് നമ്മേ ഒരു സെക്കുലർ ജനതയാക്കി മാറ്റിയത്. ക്രിസ്ത്യാനികളുടെ വിവാഹനിയമമാണ് ഇന്ന് സെക്കുലർ ഭാവത്തിന് വിഘാതമായി നിൽക്കുന്നത്. കത്തോലിക്കരുടെ വിവാഹമോചനത്തിനു പല രൂപതകളിലും വിവാഹമോചനക്കോ

ടതികളുണ്ട്. കാനോൻ നിയമം അനുസരിച്ചാണ് കത്തോലിക്കരുടെ വിവാഹത്തെ തുടർന്നുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നത്.

കത്തോലിക്കരെ സംബന്ധിച്ചിടത്തോളം വിവാഹം ഒരു കൂദാശയാണ്. അതായത് ദൈവാനുഗ്രഹം ലഭിക്കുന്ന ഒരു സന്ദർഭം. അതേ അവസരത്തിൽ വിവാഹം ഒരു കോൺട്രാക്ടും ആണ്. ഭാര്യാഭർത്താക്കന്മാർക്കും അവരിൽ ജനിക്കുന്ന കുട്ടികൾക്കും ചില അവകാശങ്ങൾ വിവാഹം വഴി ലഭിക്കുന്നു. ഈ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് മാത്രമേ വിവാഹമോചനം സാധിക്കയുള്ളൂ. കത്തോലിക്കർക്ക് വിവാഹമോചനം ഇല്ല. കാനോൻ നിയമത്തിൽ വിവാഹമോചനത്തെക്കുറിച്ച് പറയുന്നുമില്ല. അതുകൊണ്ട് ഇന്ത്യൻ നിയമം കത്തോലിക്കർക്ക് ബാധകമാക്കണം

ഇന്ത്യയിലെ ക്രിസ്ത്യാനികൾ ധീരമായ ഒരു നിലപാടാണ് ഇക്കാര്യത്തെക്കുറിച്ച് എടുക്കേണ്ടത്. നാം ഒന്നാമതായി ഇന്ത്യയിലെ പൗരന്മാരാണ്. ന്യായമായും പൗരന്മാരെന്ന നിലയിൽ ഇന്ത്യൻ നിയമം അനുസരിക്കാൻ നാം ബാധ്യസ്ഥരാണ്. ഏകീകൃതസിവിൽകോഡ് സെക്കുലറിസത്തിന് എതിരല്ല. മറിച്ച് സെക്കുലറിസത്തെ അരക്കിട്ട് ഉറപ്പിക്കുകയാണ്.

□□

## മാർത്തോമ്മായുടെ പൈതൃകം എന്നാൽ എന്ത്?

ഇന്ന് സീറോ മലബാർ സഭയിൽ ഉയർന്നു കേൾക്കുന്ന ഒരു മുദ്രാവാക്യം സീറോ മലബാർ സഭ മാർത്തോമ്മായുടെ പൈതൃകത്തിലേക്ക് തിരിച്ചു പോകണമെന്നാണ്. അതിനായി പ്രവാസികളുടെ നഗരങ്ങളിൽ സീറോ മലബാർ രൂപത രൂപീകരിക്കുന്നതിനായി തീവ്രശ്രമം നടക്കുകയാണ്. മദ്രാസിൽ സീറോ മലബാർ രൂപത സ്ഥാപിക്കാൻ മെത്രാന്മാർ കിണഞ്ഞു പരിശ്രമിക്കുന്നു. അതിനെതിരെ ശക്തമായ പ്രതിരോധവും വളർന്നു വരുന്നു. ഞാൻ മദ്രാസിൽ വിദ്യാഭ്യാസം നടത്തിയ കാലത്തെക്കുറിച്ചോർക്കുന്നു. അന്ന് സീറോ ലത്തീൻ വേർതിരിവ് ഉണ്ടായിരുന്നില്ല. എല്ലാ കൂദാശകളും ലത്തീനിലായിരുന്നു. അതുകൊണ്ട് ഒരു ആത്മീയ അപകടവും മദ്രാസിലെ സീറോ മലബാർ സഭാംഗങ്ങൾക്ക് സംഭവിച്ചതായി അറിഞ്ഞുകൂടാ.

# മാന്നാനത്ത് പുതിയ പള്ളി

മാന്നാനം കേരള കത്തോലിക്കാ ചരിത്രത്തിൽ അതിപ്രധാനമായ ഒരു പ്രദേശമാണ്. കേരള കർമ്മലീത്താ സഭയുടെ തലസ്ഥാനമെന്ന നിലയിൽ മാത്രമല്ല മാന്നാനംകുന്ന് അറിയപ്പെടുന്നത്. കത്തോലിക്കാ കോൺഗ്രിന്റെ രൂപീകരണം മുതൽ ദീപികപത്രത്തിന്റെ ആദ്യ ആസ്ഥാനം വരെ മാന്നാനത്തായിരുന്നു. കോട്ടയത്തുനിന്നും വളരെ അകലെയല്ലാത്ത മാന്നാനം ഇതിനെല്ലാം തിരഞ്ഞെടുത്തത് ചരിത്രനിയോഗമായിരുന്നു.

മാന്നാനത്ത് ആദ്യമായി സ്ഥാപിക്കുന്നത് ദളിത് ക്രൈസ്തവർക്കു വേണ്ടിയുള്ള പള്ളി ആയിരുന്നു. മാന്നാനം ഇടവക ദളിത് ക്രൈസ്തവരുടേതു മാത്രമായിരുന്നു. ദളിത് ക്രൈസ്തവർക്കുമാത്രമായുള്ള ഒരു സെമിത്തേരിയും ഈ പള്ളിയോട് അനുബന്ധിച്ച് ഉണ്ടായിരുന്നു. സീറോ മലബാർ സഭയുടെ ചരിത്രത്തിൽ അതിപ്രധാന സ്ഥാനം നേടിയ മാന്നാനം കുന്നും മാന്നാനം കുന്നിലെ ആശ്രമത്തിന്റെയും ഇടവകക്കാർ ദളിത് ക്രൈസ്തവരായിരുന്നു. മാന്നാനംകുന്ന് കർമ്മലീത്താ സഭയ്ക്കു വിട്ടുകൊടുത്ത തയ്യിൽ കുടുംബക്കാരും പെരുമാലിൽ കുടുംബക്കാരുമെല്ലാം അതിപുരാതന ക്രൈസ്തവകുടുംബക്കാരായിരുന്നു. (ഇതിൽ ഏതു കുടുംബക്കാരാണ് മാന്നാനംകുന്ന് സൗജന്യമായി കൊടുത്തിട്ടുള്ളത് എന്നത് ഇനിയും തർക്കിച്ചു തീരുമാനിക്കേണ്ടതാണ്.) എന്നാലും ആ കുടുംബക്കാരാരും മാന്നാനംകുന്നിലെ ഇടവകക്കാരായിരുന്നില്ല. കേരള കത്തോലിക്കാ ചരിത്രത്തിലെ അതിപ്രധാനമായ 40 മണി ആരാധന മാന്നാനത്തായിരുന്നു നടന്നിരുന്നത്. കേരളത്തിനകത്തുള്ള തീർഥാടകർ അവിടെ പോയിരുന്നു. എന്റെ ചെറുപ്പത്തിൽ ഞാൻ മാന്നാനംകുന്നു പള്ളിയിൽ 40 മണി ആരാധനയ്ക്കു പോകുകയും അവിടെ പള്ളിയുടെ അടിമയാകുകയും ചെയ്തത് ഓർക്കുന്നു. അന്ന് മാന്നാനം പള്ളിയിലെ അടിമയായാൽ എല്ലാവർഷവും അയാൾ അടിമപ്പണം കൊടുക്കണമായിരുന്നു. അതു കൊടുത്തിരുന്നതും ഞാൻ ഓർക്കുന്നു.

ഏതായാലും മാന്നാനം വി. യൗസേപ്പിന്റെ പള്ളി ദളിത് ക്രൈസ്തവരുടെ പള്ളി ആയിരുന്നു. കുറെ വർഷങ്ങൾക്കുമുമ്പ് മാന്നാനം ഇടവകയിൽനിന്നും ദളിത് ക്രൈസ്തവരെ മറ്റ് ഇടവകകളിലേക്ക് മാറ്റുന്നതിന് ഒരു ശ്രമം നടന്നു. പക്ഷേ ദളിത് ക്രൈസ്തവർ അതിനെ ചെറുത്തു നിന്നു. മാന്നാനം കൊവേന്തപള്ളി ദളിത് ക്രൈസതവരുടെ ഇടവകയാണ് എന്ന് പറയുന്നതിന് അതിപുരാതന ക്രിസ്ത്യാനികൾക്ക് വിഷമമുണ്ട്. അതുകൊണ്ട് അവർക്കായി പുതിയ ഒരു പള്ളി പണിയാനാണ് സഭാധികാര നിർദേശം. ഇക്കാര്യത്തിന് ലക്ഷക്കണക്കിന് രൂപയുടെ സ്ഥലം രൂപത വാങ്ങി എന്നാണറിയുന്നത്. ഏതായാലും ആ പള്ളിയിലേക്ക് അതിപുരാതന കുടുംബക്കാരെ ഇടവകാംഗങ്ങളായി ചേർക്കാമെന്നാണ് വാഗ്ദാനം!

●●

# മക്കളോടുള്ള കടമ മറക്കുന്ന പിതാക്കന്മാരും ആടുകളെ അവഗണിക്കുന്ന ഇടയന്മാരും

**ജയിംസ് ഐസക്**

സത്യജ്വാല ഓഗസ്റ്റ് ലക്കത്തിൽ അതിരമ്പുഴ അൽമായ ഫോറം പ്രവർത്തകർ ആർച്ചുബിഷപ് പെരുന്തോട്ടത്തിന് എഴുതിയ തുറന്ന കത്തു വായിക്കുകയുണ്ടായി. കത്ത് പ്രസിദ്ധീകരിച്ച വ്യക്തിയെ ഫോണിലൂടെ പരിചയപ്പെടുകയും സംഭവത്തിന്റെ പശ്ചാത്തലം കൂടുതൽ മനസ്സിലാക്കുകയും ചെയ്തു. രൂപതാകേന്ദ്രത്തിൽനിന്നുള്ള അവഗണന വേദനാജനകം തന്നെ.

രൂപതാദ്ധ്യക്ഷൻ സ്വയം വിശ്വാസികളുടെ പിതാവ് എന്ന് വിളിക്കപ്പെടുന്നുവെങ്കിലും മക്കളുടെ അന്വേഷണങ്ങൾക്കു മറുപടി പറയാൻ മടിക്കുന്നതിന്റെ കാരണം മനസ്സിലാകുന്നില്ല. ഒരു പക്ഷേ ഇതു ചങ്ങനാശ്ശേരിയുടെ മാത്രമായ ഒരു പാരമ്പര്യമോ തനിമയോ ആയിരിക്കും. ഇങ്ങനെ ചിന്തിക്കാൻ കാരണമുണ്ട്. സഭാകാര്യങ്ങൾ സംബന്ധിച്ചുള്ള പ്രതികരണങ്ങൾ സഭാ പിതാക്കന്മാരെ എഴുതി അറിയിക്കുന്ന ഒരു സ്വഭാവം ഈ ലേഖകനുണ്ട്. കർദിനാൾ മാർ ആന്റണി പടിയറ, മാർ വർക്കി വിതയത്തിൽ, ആർച്ചു ബിഷപ് ഏബ്രാഹം കാട്ടുമന, മാർ ജോർജ് ആലഞ്ചേരി എന്നിവർ മാത്രമല്ല അന്തരിച്ച മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിന്റെയും മറുപടിക്കുറിപ്പുകൾ ഞാൻ സൂക്ഷിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരിയിൽ നിന്നു മാത്രം അപ്രകാരം ഒരു പിതാവിന്റെയും മറുപടി കണ്ടിട്ടില്ല. എങ്കിലും പഴയ വികാരി ജനറാൾമാർ ചിലർ എന്നെ ഫോണിൽ വിളിച്ച് അന്വേഷണങ്ങൾക്കു നന്ദിയും വിശദീകരണവും തന്നിട്ടുള്ളതു ഞാൻ സ്മരിക്കുന്നു.

"പിതാക്കന്മാരേ, നിങ്ങൾ കുട്ടികളിൽ കോപം ഉളവാക്കരുത്. അവരെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തുവിൻ" – എന്ന പൗലോസിന്റെ ഉപദേശം (എഫേ. 6 : 4) ആത്മീയ പിതാക്കന്മാരും ശ്രദ്ധിക്കേണ്ടതാണെന്നു പറയാൻ മടിക്കുന്നില്ല. ഇടവകകളിൽ രൂപപ്പെട്ടു വലുതാകുന്ന സഭാവിമർശനവും വൈദിക വിദ്വേഷവും ഒരു പരിധിവരെ ഇല്ലാതാക്കുവാൻ ഔചിത്യപൂർവമായ സമീപനം ആവശ്യംതന്നെ.

അതിരമ്പുഴ അൽമായഫോറം ഇപ്പോൾ രൂപതാദ്ധ്യക്ഷനു കത്തയയ്ക്കുന്നത് പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന മാന്നാനം ഇടവകയുടെ പേരിൽ അതിരമ്പുഴ ഇടവകക്കാരുടെ അഭിപ്രായം മാനിക്കാതെ ഒരു കോടിയിൽ പരം രൂപാ ഇടവകയിൽനിന്നു ഈടാക്കിയതിലുള്ള പ്രതിഷേധം അറിയിക്കാനാണ്. കുടമാളൂർ ഇടവകയിൽ നിന്നും ഒരു കോടിയിൽ കൂടുതൽ തുക ഈ ആവശ്യത്തിനുവേണ്ടി വാങ്ങി. രൂപതയുടെ പേരിൽ മാന്നാനത്തു സ്ഥലം വാങ്ങുകയും ദേവാലയ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഏതൊക്കെ കുടുംബങ്ങൾ പുതിയ ഇടവകയിൽ

ഉൾപ്പെടുമെന്ന് രൂപതാധികാരികൾ നിശ്ചയിച്ചു കഴിഞ്ഞു. തീരുമാനങ്ങൾ ഒന്നുംതന്നെ ഇടവക ജനത്തോടു ആലോചിച്ചുകൊണ്ടോ ജനാധിപത്യ മര്യാദ പാലിച്ചുകൊണ്ടോ അല്ല. കനത്ത സാമ്പത്തിക ഭാരം ഉണ്ടാകുന്നത് അതിരമ്പുഴ കുടമാളൂർ എന്നീ ഇടവകകൾക്ക്. നേട്ടം രൂപതയ്ക്കും.

പുതിയ ഇടവക സ്ഥാനത്ത് ഒരു സിമിത്തേരി ഉണ്ടായാൽ ആയതു കുടമാളൂർ ഇടവകയ്ക്ക് അനുഗ്രഹമാകുമായിരുന്നു. മാന്നാനത്തെ പഴയ കത്തോലിക്കാ കുടുംബങ്ങൾ ഭൂരിപക്ഷവും കുമാളൂർ ഇടവകാംഗങ്ങൾ ആണ്. എന്നാൽ ഇവരുടെ എല്ലാ കൗദാശികാവശ്യങ്ങളും മാന്നാനം കൊവേന്തയുടെ ദേവാലയത്തിൽ നിർവഹിക്കുന്നു. മരിച്ചാൽ അടക്കപ്പെടുന്നതിനു മാത്രമാണു ഇവർ കുടമാളൂർ മാതൃ ഇടവകയെ സമീപിക്കുക.

വിശുദ്ധ ചാവറ പിതാവിന്റെ മിഷൻ പ്രവർത്തനത്തിന്റെ സത്ഫലമായി ഏതാനും ദളിത് കുടുംബങ്ങൾ മാമ്മോദീസാ സ്വീകരിച്ചു. അവരെ ഉദ്ദേശിച്ചു സ്ഥാപിച്ച സെന്റ് ജോസഫ്സ് ഇടവകയുടെ മേൽനോട്ടം സി.എം.ഐ സന്യാസ സഭയ്ക്കാണെങ്കിലും ഇടവക ചങ്ങനാശ്ശേരി രൂപതയുടെ ഭരണത്തിൽതന്നെ. ദളിത് വിഭാഗത്തിന്റെ ഒപ്പം ഒരേ സെമിത്തേരിയിൽ കിടക്കാൻ തയ്യാറാകാത്ത പഴയ കത്തോലിക്കർ ഇന്നു കുടമാളൂർ ഇടവകാംഗങ്ങളായി തുടരുന്നു.

ഡോ പ്ലാസിഡ് പൊടിപാറ, വർഗീസ് പാത്തികുളങ്ങര തുടങ്ങിയ പ്രഗത്ഭരായ സി.എം.ഐ സഭാ ശ്രേഷ്ഠന്മാരുടെ ആത്മീയ ഉപദേശത്താൽ നിയന്ത്രിതമായിരുന്ന ചങ്ങനാശ്ശേരി രൂപതയ്ക്ക് മാന്നാനത്തെ പഴയ സുറിയാനി കുടുംബങ്ങളെകൂടി സെന്റ് ജോസഫ്സ് ഇടവകയിൽ ചേർക്കാൻ എന്തുകൊണ്ടു സാധിച്ചില്ല? ഈ കുടുംബങ്ങളെ മാന്നാനം സെന്റ് ജോസഫ്സ് ഇടവകയിൽ ചേർത്താൽ ഇപ്പോൾ രണ്ടുകോടി മുടക്കി പുതിയ ഇടവക ഉണ്ടാക്കേണ്ട ആവശ്യമേയില്ല. അപ്പോൾ രൂപതയ്ക്കു കൂടുതൽ അധികാര പ്രയോഗത്തിനും വഴിയില്ലാതാകുമല്ലോ.

അതിരമ്പുഴ അത്മായഫോറം വളരെ യുക്തിഭദ്രമായ പോംവഴികൾ അവതരിപ്പിച്ചിട്ടുണ്ട്. തൊട്ടടുത്തുള്ള മുടിയൂർക്കരയിലോ വില്ലൂന്നിയിലോ മാന്നാനത്തെ സുറിയാനി കുടുംബങ്ങളെ ചേർക്കാൻ നിർദ്ദേശിച്ചാലും പ്രശ്നം പരിഹരിക്കാവുന്നതാണ്. രൂപതാധികാരികളുടെ ലക്ഷ്യം മറ്റൊന്നാണ്.

അജഗണങ്ങളെ പ്രകോപിപ്പിക്കുന്നവർ ഭവിഷ്യത്തുകൾകൂടി കാണുന്നതു നന്നായിരിക്കും.

## ചില പഴയ സംഭവങ്ങൾ

ചങ്ങനാശ്ശേരി രൂപതയിൽ കൽദായവൽക്കരണ തീവ്രവാദം തുടങ്ങുന്നത് 1986 മുതലാണ്. ദേവാലയ മദ്ബഹാകളിൽ നിന്നു ക്രൂശിത രൂപം എടുത്തുമാറ്റി പകരം പേർഷ്യൻ അലങ്കാര കുരിശ് അഥവാ മാർത്തോമാ കുരിശു പ്രതിഷ്ഠിച്ചു തുടങ്ങി. ക്രൂശിത രൂപം ആദ്യം ബഹിഷ്കരിച്ചത്

അതിരമ്പുഴയിൽ ആയിരുന്നു. ജനം പ്രക്ഷുബ്ധരായി. വീടുകൾ തോറും യോഗങ്ങൾ നടന്നു. കൂടുതൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതെ സങ്കീർത്തി മുറിയിൽ ഒളിച്ചു വച്ചിരുന്ന ക്രൂശിത രൂപം പള്ളിയ്ക്കകത്തുതന്നെ ഒരു വശത്തു പ്രതിഷ്ഠിച്ചതിനാൽ ബഹളം ഒതുങ്ങി.

നവീകരണ തൽപരനായ മറ്റൊരു വികാരി അതിരമ്പുഴ തിരുനാൾ പ്രദക്ഷിണ സമയം ദേവാലയ മണി മുഴക്കേണ്ടതില്ല എന്നു തീരുമാനിച്ചു. തിരുനാൾ പ്രദക്ഷിണം ആരംഭിച്ചിട്ടും മണിനാദം കേൾക്കാതിരുന്നപ്പോൾ ഇടവകജനം ആശങ്കയിലായി. മണിഅടിക്കേണ്ട കയർ ഉൾക്കൊള്ളുന്ന മുറി വികാരിയുടെ നിർദേശത്താൽ താഴിട്ടു പൂട്ടിയിരുന്നു. പ്രക്ഷുബ്ധരായ ഇടവകക്കാർ താഴ് അടിച്ചുപൊട്ടിച്ചു മണിമുറി തുറന്നു. പ്രദക്ഷിണം മടങ്ങിവരുന്നതുവരെ മണിനാദം മുഴങ്ങി. വികാരി ലജ്ജിതനായി.

അടുത്ത ദിവസംതന്നെ പ്രഗത്ഭനായ വികാരി സ്ഥലംമാറ്റം വാങ്ങി പോയി.

തുടർന്നു ഇടവക ഭരണം ഏറ്റെടുത്ത അതിസമർത്ഥനായ പുരോഹിതൻ ഇടവകയെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻ വേണ്ടതെല്ലാം ചെയ്തു. മദ്ബഹായിൽ നിന്നു ക്രൂശിതരൂപം മാറ്റിയെങ്കിലും ദേവാലയ പരിസരങ്ങളിൽ ക്രൂശിതരൂപവും പിയാത്തയും കമനീയമായ അലങ്കാരചെടികളും ഒരുക്കി. ഈ വികാരിയുടെ ഭരണവും ഇടവക ജനത്തിന്റെ പ്രക്ഷോഭണം മൂലമാണ് അവസാനിച്ചതെന്ന് അൽമായ ഫോറം പ്രവർത്തകർ പറയുന്നു.

കുടമാളൂരിൽ ജനം ഇഷ്ടപ്പെട്ട ഒരു പ്രമുഖ വൈദികന്റെ ശവസംസ്കാര കർമത്തിനു കാർമ്മികനാകാൻ വന്ന രൂപതാദ്ധ്യക്ഷനു എടത്വാ പള്ളി ഇടവകക്കാർ ഒന്നടങ്കം പ്രതിഷേധിച്ചതിന്റെ ഫലമായി അപമാനിതനായി സ്ഥലം വിടേണ്ടിവന്നു. അജഗണത്തെ പ്രകോപിപ്പിക്കുന്നതിന്റെ ഭവിഷ്യത്ത് രൂപതാദ്ധ്യക്ഷനു തന്നെ അനുഭവിക്കേണ്ടി വന്നു. ആരാധനക്രമം കൽദായവൽക്കരിക്കുന്നതും അജഗണത്തെ വല്ലാതെ ചൊടിപ്പിക്കുമെന്ന സത്യം രൂപതാദ്ധ്യക്ഷൻ മനസ്സിലാക്കേണ്ടതാണ്.

സീറോ മലബാർ സഭയുടെ ആദ്യ മേജർ ആർച്ചു ബിഷപ്പിനെ ഭരണകാര്യങ്ങളിൽ സഹായിക്കാൻ റോമിൽ നിന്നു നിയോഗിച്ച മാർ എബ്രാഹാം കാട്ടുമന ഇവിടെ ഒരു കൂട്ടം തീവ്രവാദികളുടെ പൈശാചികമെന്നു പറയാവുന്ന അപവാദ പ്രചരണത്തിനു ഇരയാകേണ്ടിവന്നു. 'പ്രവാചകശബ്ദം' എന്ന അശ്ലീല ലഘുലേഖയിൽ മാർ കാട്ടുമനയെ കാട്ടുകള്ളൻ വീരപ്പൻ എന്നുവരെ വിശേഷിപ്പിച്ചിരുന്നു. ഈ ലഘുലേഖ കോട്ടയം ലൂർദ്ദു ഫൊറോനായിൽ വിളിച്ചു കൂട്ടിയ തീവ്രവാദികളുടെ യോഗത്തിലാണു വിതരണം ചെയ്തത്. മൂന്നു വൈദികരുടെയും ഒരു അത്മായന്റെയും പേരുകളാണു ലഘുലേഖയുടെ കർത്താക്കളായി കാണിച്ചിരുന്നുത്. അതിൽ ഒരാൾ കുടമാളൂർ ഇടവക വികാരി ആയിരുന്നു. അടുത്ത ഞായറാഴ്ച രാവിലെ വി. കുർബാന ആരംഭിക്കുന്നതിനു മുമ്പ് കുടമാളൂർ ഇടവകയിലെ വിദ്യാസമ്പന്നരായ ഏതാനും ചെറുപ്പ

ക്കാർ വികാരിയുടെ മുമ്പിൽ വന്നു. ലഘുലേഖ എഴുതിയതിൽ അച്ചനും പങ്കുണ്ടെങ്കിൽ ഇന്നു വി. കുർബാന ചൊല്ലാൻ അച്ചനെ ഞങ്ങൾ അനുവദിക്കുകയില്ല എന്നാണ് അവർ അറിയിച്ചത്. അഭിമാനിയായ ആ വൈദികൻ ഉടൻതന്നെ അരമനയിലേക്കു ഫോൺ ചെയ്തശേഷം പെട്ടിയുമെടുത്ത് സ്ഥലം വിട്ടു. ഇതുപോല പല സംഭവങ്ങളും വിവിധ ഇടവകകളിൽ അരങ്ങേറിയിട്ടുണ്ട്.

അജഗണങ്ങളെ പ്രകോപിപ്പിച്ചാൽ ചിലപ്പോൾ അനിഷ്ടസംഭവങ്ങളും ഉണ്ടാകും. അതിരമ്പുഴ അൽമായ ഫോറത്തിന്റെ പ്രവർത്തനങ്ങൾക്കു വിജയാശംസകൾ!

Mob : 9847126316

●●

## സീറോ ഭ്രാന്ത്

സഭ ഒരു ആത്മീയ അനുഭവമാണ്. ഇന്ന് അത് ഒരു ഭ്രാന്തായി തീർന്നിരിക്കുകയാണ്. സഭ എല്ലാവരേയും ഒന്നിപ്പിക്കുന്നു. അല്ലെങ്കിൽ ഒന്നിപ്പിക്കുന്നതിനായി മാർഗനിർദേശം നൽകുന്നു. സീറോ മലബാർ നസ്രാണികൾ ഒരു കാലത്ത് ലത്തീൻ ആധിപത്യത്തിനെതിരെ പോരാടി. ലത്തീൻ സഭാഭരണം എന്നാൽ മാർപാപ്പായുടെ സമഗ്രാധിപത്യത്തിൻകീഴിലുള്ള സഭാഭരണമെന്നാണ് അന്ന് വിവക്ഷിച്ചിരുന്നത്. അതുകൊണ്ട് സമരം മാർപാപ്പായുടെ സമഗ്രാധിപത്യത്തിന് എതിരായിരുന്നു. ഇന്ന് സീറോ മലബാർ സഭയിൽപെട്ട കുറച്ചു പേർക്ക് കർദിനാൾ സ്ഥാനവും മറ്റും കൊടുത്തുകൊണ്ട് റോമാ പ്രീണിപ്പിക്കുകയാണ്. ഈ അപ്പക്കഷണങ്ങൾ വാരിവിഴുങ്ങി നസ്രാണി സ്വത്വത്തെക്കുറിച്ച് പറയുന്നതിന് എന്തർത്ഥം.

മാർത്തോമ്മായുടെ പൈതൃകം അനുസരിച്ച് സഭായോഗമാണ് എല്ലാ കാര്യങ്ങളിലും തീരുമാനമെടുക്കേണ്ടത്. അങ്ങനെയുള്ള സഭായോഗങ്ങൾ വിളിച്ചുകൂട്ടാൻ മെത്രാന്മാർ തയ്യാറല്ല. സഭാ പ്രതിനിധിസമ്മേളനം എന്നാൽ പണ്ട് ഓരോ ഇടവകകളിൽനിന്നുമാണ് പ്രതിനിധികളെ ക്ഷണിച്ചിരുന്നത്. ഇന്നത് മെത്രാന്മാരുടെയും പുരോഹിതരുടെയും ഒരു മാമാങ്കമായി തീർന്നിരിക്കുന്നു. കറിയിൽ കറിവേപ്പില എന്നപോലെ അത്മായരെയും വിളിക്കുന്നുണ്ട്. യഥാർഥത്തിൽ ഇന്ന് സഭാഭരണം നടക്കുന്നത് ലത്തീൻ രീതിയിലാണ്. നസ്രാണികളുടെ പേരു പറഞ്ഞ് കുറെ വൈദികർക്ക് ചുവന്ന അരക്കെട്ടും തൊപ്പിയും ലഭിച്ചു എന്നതൊഴിച്ചാൽ പൂർവ സഭയുടെ ജനപ്രാതിനിധ്യം നിരസിക്കുകയാണ്.

# മാണിക്കത്തനാരുടെ ബൈബിൾ തമസ്കരിക്കുന്നു!

പ്രൊഫ. പി. എൽ. ലൂക്കോസ്

2016 ഏപ്രിൽ - ജൂൺ ലക്കം ഓശാനയിൽ ശ്രീ. ജയിംസ് ഐസക് എഴുതിയിരുന്ന "ശിഥിലചിന്ത"കളിലുള്ള ഒരു പരാമർശം അത്യധികം നിരുത്തരവാദപരവും സത്യ വിരുദ്ധവുമാണ്. "അൻപതു വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ കത്തോലിക്കർ സമ്പൂർണ ബൈബിൾ കണ്ടിട്ടില്ല. എൺപതുകളിലാണ് പി.ഒ.സി. ബൈബിളും ഓശാന ബൈബിളും പ്രസിദ്ധീകരിച്ചത്". (ഓശാന ഏപ്രിൽ - ജൂൺ ലക്കം പേജ് 37) . കെ. സി. ബി. സി. യുടെ ബൈബിൾ കമ്മീഷൻ (ചെയർമാൻ ആർച്ചു ബിഷപ്പ് സൂസൈപാക്യം, വൈസ് ചെയർമാന്മാർ: ബിഷപ്പ് കല്ലറങ്ങാട്ടും മലങ്കരസഭയുടെ ബിഷപ്പ് സാമുവൽ മാർ ഐറേനിയസും) എഴുതി തയ്യാറാക്കി കേരളത്തിലെ എല്ലാ കത്തോലിക്കാ ദേവാലയങ്ങളിലും ഏകദേശം ഒന്നരവർഷം മുമ്പു വായിച്ച ഇടയലേഖനത്തിൽ അക്ഷന്തവ്യമായ ഈ പ്രസ്താവന ഉണ്ടായിരുന്നു! പി. ഒ. സി. ബൈബിൾ പ്രസിദ്ധീകരിയ്ക്കുന്നതുവരെ കേരളത്തിലെ കത്തോലിക്കർക്ക് മലയാളത്തിൽ ബൈബിൾ വായിക്കാൻ കഴിഞ്ഞിരുന്നില്ല എന്നായിരുന്നു മെത്രാന്മാരുടെ അവകാശവാദം! ബൈബിൾ കമ്മീഷൻ നടത്തിയ ചരിത്രപരമായ അവലോകനമാണോ ശ്രീ ജയിംസ് ഐസക് ഈ വിഡ്ഢിത്തം എഴുന്നള്ളിയ്ക്കാനുള്ള കാരണം എന്നു സംശയിക്കുന്നു. "ദുര്യോധനവധം" കഥകളി കണ്ടിരുന്ന പാവം നമ്പൂതിരി ദുര്യോധനന്റെ അഹന്തയും നീതിനിഷേധവും കണ്ടു പ്രകോപിതനായി ചാടിയെണീറ്റ് "ഞാൻ കൊടുക്കുമെടാ അഞ്ചേക്കർ പുരയിടവും അഞ്ചു വീടുകളും" എന്നു പ്രഖ്യാപിച്ചതുപോലെ ഇടയലേഖനം കേട്ടുകൊണ്ടിരുന്ന ഞാൻ എഴുന്നേറ്റുനിന്ന് ബിഷപ്പുമാർ പറഞ്ഞിരിക്കുന്നതു വെറും അസംബന്ധമാണെന്നു വിളിച്ചു പറയണമെന്നുതോന്നിയതാണ്. അന്നു പള്ളിയിലുണ്ടായിരുന്നവരിൽ ഏറ്റവും പ്രായമുള്ള ഞാൻ വിശ്വാസികളുടെ സമൂഹത്തെ മുഴുവൻ അമ്പരപ്പിക്കുന്ന വിധത്തിൽ രോഷപ്രകടനം നടത്തുന്നത് അനുചിതമാകുമെന്നു ഭയന്ന് ഞാൻ സ്വയം നിയന്ത്രിച്ചു. വി.കുർബാന കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ചില സുഹൃത്തുക്കളോടും പിന്നീടു വികാരിയച്ചനോടും എന്റെ പ്രതിഷേധമറിയിച്ച് ഞാൻ രോഷമടക്കി.

മെത്രാന്മാരുടെ ഇടയലേഖനം കേരളത്തിലെ കത്തോലിയ്ക്കരെല്ലാം കേട്ടിരിയ്ക്കണം. തിരുമേനിമാരുടെ തിരുവചനങ്ങൾ പരിപൂർണസത്യങ്ങളായിട്ടാവുമല്ലോ വിശ്വാസികളിൽ ബഹുഭൂരിപക്ഷവും കരുതുക! ഓശാന വായിക്കുന്നവരുടെ എണ്ണം പരിമിതമാണെങ്കിലും ചരിത്രം തച്ചു

ടയ്ക്കുന്നത് ആരെങ്കിലും ചൂണ്ടിക്കാണിയ്ക്കണമല്ലോ എന്നു കരുതിയാണ് ഈ വിയോജനക്കുറിപ്പെഴുതുന്നത്.

1981-ൽ പി.ഒ.സി. ബൈബിളും 83-ൽ ഓശാന ബൈബിളും പ്രസിദ്ധീകരിക്കുന്നതിനു എത്രയോ വർഷങ്ങൾക്കുമുമ്പ് ക.നി.മൂ.സ. മാണിക്കത്തനാർ (നിധീരിയ്ക്കൽ മാണിക്കത്തനാരല്ല; കർമ്മലീത്താ വൈദികനായിരുന്ന മാണിക്കത്തനാർ) സമ്പൂർണ്ണ ബൈബിളിന്റെ മനോഹരമായ പരിഭാഷ കേരളത്തിലെ കത്തോലിയ്ക്കർക്കു സമ്മാനിച്ചു! ഇപ്പോൾ 77 വയസ്സുള്ള എനിയ്ക്ക് പത്തോ പന്ത്രണ്ടോ വയസ്സുള്ളപ്പോൾ ആ ബൈബിൾ ഞാൻ കണ്ടിട്ടുണ്ട്. ഹൈസ്കൂളിൽ പഠിയ്ക്കുന്ന കാലത്ത് ഞാൻ തന്നെയാണ് ഈ ബൈബിൾ വീട്ടിൽ വായിച്ചിരുന്നത്.

ഏകദേശം സമപ്രായക്കാരായ പല സുഹൃത്തുക്കളോടും ഞാൻ തിരക്കി: അവരുടെയൊക്കെ വീടുകളിലും മാണിക്കത്തനാരുടെ ബൈബിൾ ഉണ്ടായിരുന്നു. ക.നി.മൂ.സ. മാണിക്കത്തനാരുടെ ജന്മശതാബ്ദി പ്രമാണിച്ച് ആ ബൈബിളിന്റെ പുതിയ പതിപ്പ് 1978-ൽ സി.എം. ഐ വൈദികർ മാന്നാനം പ്രസ്സിൽനിന്നു പ്രസിദ്ധീകരിച്ചിരുന്നു. ആദ്യ പതിപ്പിലെ ഭാഷ കഴിയുന്നിടത്തോളം അധുനാതനമാക്കിയിട്ടുണ്ട് 78-ലെ പതിപ്പിൽ.

കേരളകത്തോലിക്കാസഭയുടെ ഏറ്റവും ആധികാരിക ചരിത്ര ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള, വടവാതൂർ സെമിനാരി ഉൾപ്പെടെ അനേകം വൈദിക പരിശീലന കേന്ദ്രങ്ങളിൽ 35 വർഷം പ്രൊഫസറായിരുന്ന റവ. ഡോ. സേവ്യർ കൂടപ്പുഴ 1955 മുതൽ റോമിലെ പ്രൊപ്പഗാന്താ കോളേജിൽ പഠിയ്ക്കുമ്പോൾ ഉപയോഗിച്ചിരുന്നത് ക.നി.മൂ.സ.മാണിക്കത്തനാരുടെ ബൈബിൾ ആയിരുന്നു എന്ന് അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ട്. മാത്രമല്ല കൊട്ടിഘോഷിയ്ക്കപ്പെടുന്ന പി.ഒ.സി. ബൈബിളിനേക്കാൾ യേശു ഉപയോഗിച്ചിരുന്ന ഭാഷയോടും മൂലകൃതികളോടും കൂടുതൽ വിശ്വസ്തത പുലർത്തുന്നത് മാണിക്കത്തനാരുടെ ബൈബിളാണെന്ന് ബ. കൂടപ്പുഴ അച്ചൻ പറയുന്നു.

1978-ൽ മാന്നാനത്തു നിന്നു പ്രസിദ്ധീകരിച്ച പരിഷ്കരിച്ച പതിപ്പിന്റെ പ്രതികൾ ഇപ്പോൾ കിട്ടാനുണ്ടോ എന്ന് തിരക്കുന്നതുകൊള്ളാം.

## കുറിപ്പ് :

ക.നി.മൂസ.മാണിക്കത്തനാർ പ്രസിദ്ധീകരിച്ച ബൈബിൾ പുതിയ നിയമം മാത്രമായിരുന്നു. സമ്പൂർണ്ണ ബൈബിൾ അല്ല. അതുകൊണ്ടായിരിക്കണം ഈ തെറ്റിദ്ധാരണ ഉണ്ടായത്.

□□

# എറണാകുളം അങ്കമാലി അതി രൂപതയുടെ കെടുകാര്യസ്ഥത

2016 സെപ്തംബർ 3–ന് അന്തരിച്ച എം. പി. ലീലാമ്മ എറണാകുളം അങ്കമാലി അതിരൂപതയുടെ കീഴിൽ വരുന്ന ഉഴുവ സെന്റ് അന്നാസ് കത്തോലിക്കാ പള്ളി ഇടവകാംഗമായിരുന്നു. അവർ പട്ടണക്കാട് ഗവ ൺമെന്റ് എസ്.സി.എച്ച്.എസ്സിൽ പ്രധാന അധ്യാപികയായിരുന്നപ്പോ ഴാണ് റിട്ടയർ ചെയ്തത്. അവിടെ അവർ 38 വർഷം അധ്യാപികയായി സേവനം അനുഷ്ഠിച്ചിരുന്നു. റിട്ടയർ ചെയ്തതിനു ശേഷം ഉഴുവ പള്ളി യുടെ കീഴിലുള്ള സെന്റ് അന്നാസ് പബ്ലിക് സ്കൂളിൽ പ്രധാന അധ്യാ പികയായി പ്രതിഫലം വാങ്ങാതെ സേവനം അനുഷ്ഠിച്ചിരുന്നു. അസു ഖബാധിതയാകുന്നതുവരെ അവർ പള്ളിയിലെ എല്ലാ ആചാരങ്ങളിലും, അനുഷ്ഠാനങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു.

1972 ലാണ് അഡ്വ ജോർജ് ചേനാടിന്റേയും, ലീലാമ്മയുടേയും വിവാഹം നടന്നത്. അവരുടെ വിവാഹം ആശിർവദിച്ചത് ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ മങ്കുഴിക്കരിയാണ്. അഡ്വ.ജോർജ്ജ് രണ്ടു വർഷമായി രോഗബാധിതനായി കിടപ്പിലാണ്. ഒരു വശം തളർന്നതുമൂലം പരസ ഹായത്തോടെയാണ് പ്രാഥമിക കാര്യങ്ങൾപോലും നിർവഹിച്ചിരുന്നത് മൂന്നു വർഷം മുമ്പ് അദ്ദേഹം ഉഴുവ പള്ളി ട്രസ്റ്റിയായിരുന്നു. പള്ളിയു മായി ഒത്തുപോകുന്ന കാര്യത്തിൽ ജോർജ്ജ് ലീലാമ്മ ദമ്പതികൾ ശുഷ്കാന്തി പുലർത്തിയിരുന്നു. അഡ്വ ജോർജ്ജിന്റെ കുടുംബത്തിന് ഉഴുവ പള്ളിയിലെ 'സെന്റ് വിൻസെന്റ് ഡി പോൾ സെന്റ് അന്നാസ് ശവസംസ്കാര ഫണ്ടി'ൽ ആയുഷ്ക്കാല അംഗത്വവുമുണ്ട്. എല്ലാ മാസവും പള്ളി വികാരി അഡ്വ.ജോർജ്ജിന്റെ ഭവനത്തിൽ എത്തി കിട പ്പിലായ ടീച്ചർക്കും, അഡ്വ. ജോർജ്ജിനും കുർബാന നൽകുന്ന പതിവു ണ്ടായിരുന്നു. എന്നാൽ ലീലാമ്മ മരിച്ച ദിവസം ഇടവക വികാരിയായ ഫാ.പി.എ.ആന്റണി പരേതയുടെ ഭവനത്തിൻ എത്തുകയോ ചരമശുശ്രൂ ഷ നൽകുകയോ ഉണ്ടായില്ല. അടുത്തുള്ള കന്യാസ്ത്രി മഠത്തിൽ നിന്നും ആരും പരേതയുടെ ഭവനത്തിൽ എത്തി പ്രാർഥിക്കുകയും ഉണ്ടായില്ല. ഇത് പള്ളിയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

അവരുടെ ഏകമകൻ ഷിജു അടുത്ത കാലംവരെ ഞായറാഴ്ച കുർബാനയിലും മറ്റും പങ്കെടുത്തിരുന്നു. പിന്നീട് വൈദികരുമായുള്ള നീരസം മൂലം പള്ളിക്കാര്യങ്ങളിൽ താൽപര്യം കുറഞ്ഞു വന്നു. ഞായ റാഴ്ച പള്ളയിൽ പോകുന്ന പതിവ് ഇല്ലാതായി. അത് പെരുന്നാളു കൾക്കും ആഘോഷ അവസരങ്ങളിലും മാത്രമായി ചുരുങ്ങി. ഷിജു ഞായറാഴ്ച കുർബാനയിൽ പങ്കെടുക്കാതിരുന്നതാണ് ലീലാമ്മ ടീച്ച

റിന്റെ സഭാപരമായ മരിച്ചടക്കിന് ഉഴുവ പള്ളി വികാരി ഫാ. പി. എ. ആന്റണി സി.എം.ഐ സഹകരിക്കാതിരുന്നതിന് കാരണം. മരണവിവരം അറിയിക്കാൻ ചെന്ന ഷിജുവിനോട് ഒരു മാപ്പപേക്ഷ എഴുതി ഒപ്പിട്ടു നൽകുവാൻ വികാരി ആവശ്യപ്പെട്ടു എന്നാണ് അറിയുന്നത്. വികാരിയുടെ ആവശ്യത്തിനു മുന്നിൽ ഷിജു വഴങ്ങിയില്ല. മാത്രമല്ല വികാരിയുടെ നീതിയുക്തമല്ലാത്ത നിർദേശം ചോദ്യം ചെയ്യുകയുമുണ്ടായി. ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ ഭാരവാഹികൾ വിവരം പത്രത്തിലൂടെ അറിഞ്ഞ് എത്തുന്നതുവരെ സഭാധികാരത്തെ ചോദ്യം ചെയ്യാൻ താൻ പ്രാപ്തനല്ല എന്നാണ് ഷിജു ധരിച്ചിരുന്നത്. നിയമത്തിന്റെ മുന്നിൽ ബിഷപ്പുമാരും, പുരോഹിതരും സാധാരണവിശ്വാസികളും തുല്യരാണെന്നുള്ള ധാരണ എട്ടാം തരം മാത്രം വിദ്യാഭ്യാസമുള്ള ഷിജുവിനുണ്ടായിരുന്നില്ല.

തന്റെ അമ്മയ്ക്ക് മാന്യമായ മരിച്ചടക്ക് പള്ളിയിൽനിന്നും ലഭിക്കില്ല എന്ന് ബോധ്യമായ സാഹചര്യത്തിൽ മറ്റുമാർഗം തേടുകയല്ലാതെ നിവൃത്തിയില്ലാതെ വന്നു. ഈശ്വര വിശ്വാസിയായ ഷിജു സ്വന്തം പുരയിടത്തിൽ അമ്മക്ക് ചിതയൊരുക്കി. ഹിന്ദു ആചാരപ്രകാരം 4-ാം തീയതി രാവിലെ 11-ന് മൃതദേഹം ദഹിപ്പിച്ചതിനുശേഷം തൈക്കൽ കടപ്പുറത്ത് സെപ്തംബർ 8-ന് സഞ്ചയനവും നടത്തി.

വിശ്വാസികളുടെ നേരെ കത്തോലിക്കാ സഭ കാലങ്ങളായി നടത്തിവരുന്ന ചൂഷണങ്ങളും, ദ്രോഹനടപടികളും മൂലമാണ് ഇത്തരം അനർത്ഥങ്ങൾ സംഭവിക്കുന്നത്. ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല. കേരളത്തിൽ ഏകദേശം എല്ലാ രൂപതകളിലും ഇത്തരം അനീതികൾ അനുഭവിക്കുന്നവരുടെ രോദനം കേൾക്കാം. സഭാധികാരം ബധിരകർണ്ണമായതുകൊണ്ട് ഇത്തരം മുറവിളിക്ക് ഒരു പരിഹാരവും ഉണ്ടാകാത്ത സാഹചര്യമാണ് ഉള്ളത്. ബിഷപ്പുമാരുടെ സംഘടനകളായ കെ.സി.ബി.സി.യും, സി.ബി.സി.ഐ.യും നിക്ഷിപ്ത താൽപര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു എന്നല്ലാതെ വിശ്വാസികളുടെ അടിസ്ഥാനപരമായ അവകാശങ്ങൾക്കു വേണ്ടിയോ, പരാതികൾ പരിഹരിക്കുന്നതിനോ മുൻകൈ എടുക്കാറില്ല.

പള്ളിയുടെ ഭാഗത്തുനിന്നും ഒരു ഇടവകാംഗത്തിനോടുള്ള ഈ അനീതി നിയമപരമായി തന്നെ ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. അതിന് നല്ലവരായ എല്ലാവരുടേയും സഹകരണവും സഹായവും ആവശ്യമായിരിക്കുകയാണ്.


വി.കെ.ജോയ്, ജനറൽ സെക്രട്ടറി,<br>
കേരള കാത്തലിക് ഫെഡറേഷൻ<br>
ദിവാൻ ശങ്കര വാരിയർ റോഡ്, ഒല്ലൂർ തൃശ്ശൂർ- 680306,<br>
ഫോൺ : 9447037725<br>
Email : keralacatholicfederation@gmail.com


●●

# പള്ളി പൊളിക്കുന്നതിനെതിരെ പട്ടക്കാരും

തിരുവനന്തപുരം: തലസ്ഥാന നഗരത്തിലെ പാറ്റൂർ സെന്റ് തോമസ് മാർത്തോമ്മ പള്ളി പൊളിച്ച് പണിയാൻ ഇപ്പോഴത്തെ പുരോഹിതൻ ഉൾപ്പെടെയുള്ളവർ നടത്തുന്ന നീക്കത്തിനെതിരെ പള്ളിയിലെ മുൻവികാരിമാർ ഉൾപ്പെടെയുള്ളവർ രംഗത്ത്. 70 വർഷം പഴക്കമുള്ള മനോഹരമായ ഈ കെട്ടിടം ഇടിച്ചു പൊളിച്ച് വാണിജ്യ സമുച്ചയമുൾപ്പെടെ പണിയാനുള്ള ഒരുക്കങ്ങളാണ് അണിയറയിൽ നടക്കുന്നത്. ഈ നീക്കം പ്രതിരോധിക്കാൻ ഇതേ പള്ളിയിൽ മാമ്മോദീസ മുങ്ങി ഇവിടെ വികാരിമാരായി പ്രവർത്തിച്ച രണ്ട് റിട്ടയേർഡ് വൈദികരായ നൈനാൻ ഉമ്മൻ, എം. ഒ ഉമ്മൻ എന്നിവരുടെ നേതൃത്വത്തിൽ പ്രതിരോധ സമിതി സജീവമായി രംഗത്തെത്തി.

പള്ളി പൊളിക്കാൻ ഒരുങ്ങിയാൽ പള്ളിയിൽ മരണം വരെ പ്രാർത്ഥനാ ഉപവാസം നടത്താനാണ് വൈദികനായ തൊണ്ണൂറു വയസ്സുകാരൻ നൈനാൻ ഉമ്മന്റെ തീരുമാനം.

പാലക്കുന്നത്ത് കുടുംബാംഗമായ ടൈറ്റസ് രണ്ടാമൻ മാർത്തോമ്മ തറക്കല്ലിട്ട പള്ളിയാണ് ഇത്. പള്ളി പൊളിക്കാൻ ഒരു സംഘം തയ്യാറെടുക്കുമ്പോൾ മാർത്തോമ്മാ സഭയുടെ ഇപ്പോഴത്തെ മെത്രാപ്പോലീത്ത ജോസഫ് മാർത്തോമ്മയും പാലക്കുന്നത്ത് കുടുംബാംഗമാണ്. അദ്ദേഹത്തിന്റെ ഇടപെടലിലൂടെ ഈ നീക്കത്തിന് തടയിടാനാണ് ശ്രമം. നടക്കാത്ത പക്ഷം പ്രതിഷേധം ശക്തമാക്കും. ഉറപ്പുള്ള കെട്ടിടമാണ് പള്ളിയുടേത്. ചെറിയ വിള്ളൽപോലും പാർശ്വഭിത്തികളിൽ ഇല്ല. ഇത്രയും ഉറപ്പുള്ള കെട്ടിടം എന്തിനാണ് പൊളിക്കുന്നതെന്നാണ് ഉയരുന്ന ചോദ്യം. മലങ്കര മാർത്തോമ സുറിയാനി സഭയുടെ തനതായ പൗരാണികതയും കെട്ടിടം ഉൾക്കൊള്ളുന്നുണ്ട്. രൂപത്തിലും ആകാരത്തിലും സിറിയൻ പൗരാണികതയുടെ ദൃശ്യഭംഗിയും നിഴലിക്കുന്നു. ഇത്ര മനോഹരവും ഈടുറ്റതുമായ കെട്ടിടം എന്ത് കാര്യത്തിന് പൊളിക്കുന്നുവെന്നതിന് പള്ളി അധികാരികൾക്ക് ഉത്തരമില്ല. ഈ സാഹചര്യത്തിലാണ് സാമ്പത്തിക താൽപര്യങ്ങൾ ചർച്ചയാകുന്നതും.

സിപിയുടെ തിരുവിതാംകൂർ ദിവാൻ ഭരണകാലം പൊതുവെ ക്രൈസ്തവ വിരുദ്ധമായിരുന്നു. അവരുടെ ആരാധനാ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്താൻ സി.പി. ശ്രമിച്ചിരുന്നതായാണ് ചരിത്രം പറയുന്നത്. പള്ളികൾ നിർമ്മിക്കുന്നതിന് സി. പി. ഒട്ടേറെ തടസ്സങ്ങൾ സൃഷ്ടിച്ചിരുന്നതായി പ്രശസ്ത ചരിത്രകാരൻ എ. ശ്രീധരമേനോൻ എഴുതിയ 'സർ സി.പി. തിരുവിതാംകൂർ ചരിത്രത്തിൽ' എന്ന പുസ്തകത്തിൽ വിശദമാക്കിയിട്ടുണ്ട്.' നിലവിലുള്ള നിയമമനുസരിച്ച് പുതിയ പള്ളികളടക്കം എല്ലാ ആരാധനാലയങ്ങളും നിർമ്മിക്കുന്നതിന് ഗവൺമെന്റിന്റെ അനുമതി ആവശ്യമായിരുന്നു. പള്ളികൾ നിർമ്മിക്കാനനുവാദം നൽകുന്ന പ്രശ്നം 1942 ജനുവരി പത്താം തീയതി കൊട്ടാരം കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ടു.

എന്നാൽ കഴിവതും കുറച്ച് പള്ളികൾ നിർമ്മിക്കാൻ അനുവദിച്ചാൽ മതി എന്നായിരുന്നു മഹാരാജാവിന്റെ തീരുമാനം.' (പേജ് 477). ഇങ്ങനെ ഒരു പാട് പീഢനവും യാതനയും അനുഭവിച്ചാണ് ക്രിസ്ത്യൻ പള്ളികൾ തിരുവിതാംകൂറിൽ സ്ഥാപിക്കപ്പെട്ടതെന്നാണ് ഫാദർ നൈനാൻ ഉമ്മൻ ഉൾപ്പെടെയുള്ളവർ ചൂണ്ടിക്കാണിക്കുന്നത്. എന്തുവന്നാലും ഈ പള്ളി പൊളിക്കുമെന്നാണ് നിലവിലെ വികാരി പൊതുയോഗത്തിൽ പറഞ്ഞതെന്ന് ഫാദർ നൈനാൻ ഉമ്മൻ പറയുന്നു.

ഈ പള്ളിയിൽ നടന്ന ഓരോ നിർമ്മാണ പ്രക്രിയയിലും ഭരണ സമിതിയിലെ ഉത്തരവാദിത്തപ്പെട്ടവർ കാശടിച്ചു മാറ്റിയതിന്റെ ഒരു ലഘു വിവരണം 2014-2015-ലെ വാർഷിക റിപ്പോർട്ടിൽ ചേർത്തിട്ടുള്ള ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. It is found that no financial discipline was maintained while spending the amounts of the Church. As per Kaisthana Samithy minutes dated 22.5.2014 maximum amount of Rs. 8 lakhs can be utilised for the renovation of the parsonage. This amount has been enhanced to 10 lakhs in the budget. But a sum of Rs. 13,66,263 was spent for the same എന്നാണ് പരാമർശം. മോഷണത്തിന്റെ പല കഥകളും ഓഡിറ്റ് റിപ്പോർട്ടിൽ അക്കമിട്ട് പറയുന്നുണ്ട്.

പള്ളിവികാരി താമസിക്കുന്ന പാഴ്സണേജിന് പെയിന്റടിക്കാൻ 47,290 രൂപയുടെ പെയിന്റ് വാങ്ങിയതായി പറയുന്നു പക്ഷേ പെയിന്റ് അടിക്കാൻ വന്ന പണിക്കാർക്ക് 90,750 രൂപ കൊടുത്തതായി കണക്കെഴുതി വച്ചിട്ടുണ്ട്. പെയിന്റിനെക്കാൾ കൂടുതൽ അടികൂലി വാങ്ങിയെന്നാണ് ആക്ഷേപം.

(കടപ്പാട് : നവീകരണം വാർത്താപത്രിക ഒക്ടോബർ 2016)

## കുറിപ്പ് — ജോസഫ് പുലിക്കുന്നേൽ

ഓരോ പള്ളിയിലും അമ്പലത്തിലും ദേശചരിത്രം ഉറങ്ങുന്നുണ്ട്. ഈ അമ്പലങ്ങളും പള്ളികളും പൊളിക്കുന്നതോടുകൂടി നമുക്ക് നഷ്ടപ്പെടുന്നത് ചരിത്രമാണ്. പാറ്റൂർ പള്ളിയിലും ചരിത്രം ഉറങ്ങുന്നുണ്ട്; തിരുവിതാംകൂറിന്റെ ചരിത്രം. പാറ്റൂർ പള്ളി പൊളിക്കാൻ ഒരു കാരണവശാലും അനുവദിച്ചുകൂടാ. പാറ്റൂർ പള്ളി മാത്രമല്ല 150 കൊല്ലം പഴക്കമുള്ള എല്ലാ പള്ളികളും പൊളിച്ചു മാറ്റുന്നതിന് ഒരു സ്റ്റേറ്റ് കമ്മിറ്റി സമ്മതം നൽകേണ്ടതാണ്. ഇന്ന് പള്ളി പൊളിക്കുക എന്നത് കത്തോലിക്കാ സഭയുടെ ഒരു വിനോദമാണ്. ഓരോരുത്തരുടെയും കീശ വീർപ്പിക്കുന്നതിനുവേണ്ടി നടത്തപ്പെടുന്ന ഈ ചരിത്രധ്വംസനം ശക്തമായി എതിർക്കപ്പെടേണ്ടതാണ്. പാറ്റൂർ പള്ളി പൊളിക്കുന്നതിനെ എതിർത്തുകൊണ്ട് ബഹു. ഫാ. നൈനാൻ ഉമ്മൻ, ഫാ. എം. ഒ ഉമ്മൻ എന്നിവർ നടത്തുന്ന നിരാഹാര സമരത്തിനു ആത്മാർഥമായി പിന്തുണ നൽകണമെന്ന് ഓശാന വായനക്കാരോടും കത്തോലിക്കാസഭയിലെ പ്രധാനപ്പെട്ട സംഘടനകളോടും ഞാൻ അപേക്ഷിക്കുന്നു.

# ഏകീകൃത സിവിൽകോഡും വർഗീയതയും

ജസ്റ്റിസ് കെ.ടി.തോമസ്

ഇന്ത്യൻ ഭരണഘടന നിലവിൽവന്ന 1950 ജനുവരി 26-ൽ തന്നെ ഭരണഘടനയിൽ നിർബന്ധമായും പറയുന്ന ആഹ്വാനമാണ് ഇന്ത്യയിൽ ഏകീകൃത സിവിൽകോഡ് നടപ്പാക്കാൻ വേണ്ട എല്ലാ യത്നങ്ങളും ചെയ്യണമെന്നത്. ഇതുപറയുന്ന സമയത്ത് ഇന്ത്യയിലെ നിയമങ്ങളിൽ 95 ശതമാനവും ഏകീകൃതമായിരുന്നു. ജാതിമതഭേദങ്ങളില്ലാത്ത തരത്തിലായിരുന്നു ആ നിയമങ്ങൾ. ഉദാഹരണത്തിന് ഇന്ത്യൻ പീനൽ കോഡ്, ക്രിമിനൽ നടപടി നിയമം, സിവിൽ നടപടി നിയമം, ഇന്ത്യൻ കോൺട്രാക്ട് ആക്ട്, ഇന്ത്യൻ ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ട്, ഇന്ത്യൻ സെയിൽസ് ഓഫ് ഗുഡ്സ് ആക്ട് തുടങ്ങി ഒട്ടനവധി നിയമങ്ങളെല്ലാം ഏകീകൃതങ്ങളായിരുന്നു. എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും ബാധകമായതായിരുന്നു ഈ നിയമങ്ങൾ.

എന്നാൽ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ മതത്തിൽപ്പെട്ടവരെ സംബന്ധിച്ചിടത്തോളം മൂന്നു വിഷയങ്ങളിൽ വിഭിന്നങ്ങളായ നിയമങ്ങളായിരുന്നു ഭരിക്കപ്പെട്ടിരുന്നത്. വിവാഹനിയമം, പിന്തുടർച്ചാവകാശനിയമം, ഗാർഡിയൻ ആൻഡ് വാർഡ്സ് നിയമം. ഇതോടൊപ്പം ദത്തെടുക്കൽ നിയമംകൂടി ചേർന്നതോടെ നാല് എണ്ണത്തിൽ ഏകീകൃത സ്വഭാവം ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ത്യയിലെ എല്ലാ പൗരന്മാരും ഒരേ നിയമത്താൽ ഭരിക്കപ്പെടേണ്ടതാണെന്നതിനാൽ എല്ലാ നിയമങ്ങളും ഏകീകൃതമായിരിക്കണമെന്നതിന്റെ അടിസ്ഥാനം ഇന്ത്യൻ ഭരണഘടനയുടെ 14-ാം ആർട്ടിക്കിൾ പറയുന്നുണ്ട്. വളരെ ഹ്രസ്വമായ ആ ആർട്ടിക്കിൾ ഇതാണ്: ''The state shall not deny to any person equality before the law or the equal protection of the laws within the territory of India''.

ഈ വകുപ്പ് ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന പ്രമാണത്തിൽപ്പെടുന്നതാണെന്ന് സുപ്രീം കോടതി അർഥശങ്കയ്ക്കിടയില്ലാതെ പറഞ്ഞിട്ടുണ്ട്. ഏകീകൃത സിവിൽകോഡിനെപ്പറ്റിയുള്ള ഭരണഘടനാശില്പികളുടെ ആഹ്വാനം മേൽപ്പറഞ്ഞ അടിസ്ഥാന പ്രമാണത്തിന്റെ ഒരു പ്രത്യുത്പന്നം (byproduct) ആയിരുന്നു. ഭരണഘടന നടപ്പിൽവന്ന സമയത്ത് ഏകീകൃതമല്ലാതിരുന്ന വളരെ അപൂർവം മേഖലകളിൽ നിയമങ്ങൾ ഏകീകൃതമാക്കുമെന്നുള്ളത് എത്രയും ശീഘ്രഗതിയിൽ നടപ്പിലാക്കുമെന്നുള്ള പ്രതീക്ഷയാണ് ആർട്ടിക്കിൾ 44-ലൂടെ ഭരണഘടന ശില്പികൾ പ്രകടിപ്പിച്ചത്. ആ വകുപ്പ് ഇങ്ങനെയാണ്. ''The State shall endeavour to secure for citizens a uniform civil code throughout the territory of India.''

ഈ വകുപ്പ് ഭരണഘടനയിൽ ഉൾപ്പെടുത്തിയത് നാലാമത്തെ വിഭാഗത്തിലാണ്. ആ വിഭാഗത്തിന്റെ തലക്കെട്ട് തന്നെ directive principles of state policy എന്നാണ്. അതിലെ ആദ്യ വകുപ്പിൽ പറയുന്നത് ഈ വിഭാഗത്തിൽ പറയുന്ന തത്ത്വങ്ങൾ മൗലികതത്ത്വങ്ങളായി കാണണമെന്നും ഈ തത്ത്വങ്ങൾ നടപ്പിലാക്കാനുള്ള ചുമതല പാർലമെന്റിനോ അതത് നിയമസഭകൾക്കോ ഉണ്ടായിരിക്കേണ്ടതാണെന്നുമാണ്,. അതിലേക്ക് ഉപയോഗിച്ച വാക്കുകൾ ഇങ്ങനെയാണ് : ''it shall be the duty of the state to apply these principles in making laws.''

ഭരണഘടന നടപ്പിൽ വന്ന ആദ്യ ദിവസങ്ങളിൽ ഹിന്ദുക്കളുടെ ഇടയിൽപ്പെട്ട വിവിധ വിഭാഗങ്ങൾക്ക് മേല്പറഞ്ഞ നാല് വിഷയങ്ങളിൽ ഏകീകൃതമായ നിയമങ്ങൾ ഉണ്ടായിരുന്നില്ല. ജവഹർലാൽ നെഹ്റു മുൻകൈയെടുത്ത് ഹിന്ദുക്കൾക്ക് എല്ലാവർക്കും മേല്പറഞ്ഞ വിഷയങ്ങളെല്ലാം ഏകീകൃത നിയമത്തിന്റെ വ്യവസ്ഥകളിൽ കൊണ്ടുവന്നു. മാത്രവുമല്ല ഹിന്ദുക്കൾ എന്ന നിർവചനത്തിൽ ബുദ്ധമതക്കാരെയും സിഖ് മതക്കാരെയും ജൈനമതക്കാരെയും ഉൾപ്പെടുത്തുകയും ചെയ്തു. പക്ഷേ, ഇന്ത്യ കണ്ട ഏറ്റവും വലിയ സെക്കുലറിസ്റ്റുകളിലൊരാളായ ജവാഹർലാൽ നെഹ്റു ഇക്കാര്യത്തിൽ മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടെയും നിയമങ്ങൾ കൂടി മേല്പറഞ്ഞ നാല് വിഷയങ്ങളിൽ ഏകീകൃതമാക്കാനുള്ള നടപടി കൈക്കൊണ്ടില്ല. അദ്ദേഹം ഒരു മതത്തിലും വിശ്വസിക്കാത്ത ആളായിരുന്നിട്ടുകൂടി ഇക്കാര്യത്തിൽ എന്തുകൊണ്ടാണ് മുൻകൈയെടുക്കാഞ്ഞത് എന്നത് ഇന്നും എനിക്ക് ഉത്തരം കിട്ടാത്ത ചോദ്യമായി അവശേഷിക്കുന്നു.

മതങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ വെവ്വേറെ നിയമങ്ങൾ മേല്പറഞ്ഞ നാല് വിഷയങ്ങളിൽ മാത്രമാണെങ്കിൽക്കൂടി നിലനിർത്തുന്നത് നാമൊന്ന്, നമ്മുടെ ജനതയും ഒന്ന് എന്ന തത്ത്വത്തിലാണ്. മതങ്ങൾക്കും മതമില്ലാത്തവർക്കും ഒരുപോലെയുള്ള അവകാശം കല്പിക്കുന്ന 25-ാം ആർട്ടിക്കിൾ പറയുന്നത്, ആ അവകാശങ്ങളെല്ലാം പൊതുജനാരോഗ്യത്തിനും പൊതുജന സദാചാരതത്ത്വങ്ങൾക്കും പൊതുജന നിയമപരിപാലനത്തിനും ഭരണഘടനയിലെ മൗലികാവകാശങ്ങൾക്കും കീഴിൽ മാത്രമേ വരുകയുള്ളൂ എന്നത്രേ. അങ്ങനെയാണെങ്കിൽ മൗലികതത്ത്വങ്ങളിൽ ഏറ്റവും പ്രധാനമായ 'നിയമസമത്വം' എന്ന അടിസ്ഥാന പ്രമാണത്തിന് വിലങ്ങുതടിയായി നിൽക്കുന്ന എന്തെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ എന്റെ അഭിപ്രായത്തിൽ അത് മേല്പറഞ്ഞ നാല് വിഷയങ്ങളിൽക്കൂടി ഏകീകൃത നിയമം നടപ്പാക്കാൻ സാധിക്കാതെ വന്നിട്ടുള്ളതുകൊണ്ടാണ്.

ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം പല കോടതിവിധികളുടെ ഫലമായി വിവാഹ കാര്യത്തിലും പിന്തുടർച്ചാവകാശ കാര്യത്തിലും ഗാർഡിയൻഷിപ്പ് കാര്യത്തിലും നിയമം ഹിന്ദുനിയമത്തിനോടു തുല്യമായി കഴിഞ്ഞു. ഏകഭർതൃത്വം, ഏകഭാര്യത്വം, വിവാഹമോചനം സംബ

ഡിച്ചുള്ള മാർഗങ്ങൾ ഇവയെല്ലാം ക്രിസ്ത്യാനികൾക്കും ഹിന്ദുക്കൾക്കും ഫലത്തിൽ ഒരുപോലെയായിട്ടുണ്ട്. ഇക്കാര്യങ്ങൾ ഇപ്പോഴും ഏകീകൃതമണ്ഡലത്തിലേക്ക് വരാത്തത് മുസ്ലീം നിയമങ്ങൾ മാത്രമാണ്.

ഒരാൾക്ക് ഒന്നിൽക്കൂടുതൽ ഭാര്യമാരാകാമെന്നുപറയുന്നതും ഭർത്താവിന് ഭാര്യയെ എപ്പോൾ വേണമെങ്കിലും ഒരു കാരണവുമില്ലാതെ മൂന്ന് തലാക്ക് പറഞ്ഞ് മോചിപ്പിക്കാമെന്നുമുള്ള മുസ്ലീം നിയമത്തിൽ നിലനിൽക്കുന്ന വ്യവസ്ഥയോട് മുസ്ലീം സമുദായത്തിലെ വിദ്യാസമ്പന്നരായ ആളുകളിൽ വലിയ ശതമാനത്തിന് ശക്തമായ എതിർപ്പുള്ളതായി ഞാൻ മനസ്സിലാക്കുന്നു. മാത്രവുമല്ല, മുസ്ലീം സ്ത്രീകളുടെ ഇടയിൽ ഈ അടുത്തകാലത്ത് ഒരു ഇംഗ്ലീഷ് ചാനൽ നടത്തിയ സർവേയിൽ 90 ശതമാനം മുസ്ലീം സ്ത്രീകളും ബഹുഭാര്യത്വത്തിനും മുത്തലാക്ക് എന്ന വിവാഹമോചന പ്രക്രിയയോടും ശക്തമായ എതിർപ്പുള്ളവരാണത്രേ. അതിനും പുറമേ മേല്പറഞ്ഞ വിഷയങ്ങളിൽ ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കാൻ ഇനിയും അമാന്തിക്കരുത് എന്ന് സുപ്രീം കോടതി ശക്തമായ ഭാഷയിൽ മൂന്നോ നാലോ വിധികളിലൂടെ കേന്ദ്രസർക്കാരിനെ ഓർമിപ്പിക്കുകകൂടി ചെയ്തിട്ടുണ്ട്.

അങ്ങനെയാണെങ്കിൽ ഏകീകൃത സിവിൽ നിയമം മേല്പറഞ്ഞ നാല് വിഷയങ്ങൾക്കുവേണ്ടി മുസ്ലീം സമുദായത്തിൽപ്പെട്ടവർകൂടി ഉൾപ്പെട്ട് നിയമനിർമാണം നടത്തുന്നതിന് അമാന്തിക്കുന്നത് ആ സമുദായത്തിന് ഒരു ചെറിയ ശതമാനം മൗലികവാദികളെ സാന്ത്വനപ്പെടുത്താൻ മാത്രമേ ഉപകരിക്കൂകയുള്ളൂ എന്ന് ഞാൻ വിശ്വസിക്കുന്നു. ഏകീകൃത സിവിൽകോഡിനെ അനുകൂലിക്കുന്നവരെ വർഗീയശക്തികളെന്നും എതിർക്കുന്നവരെ സെക്കുലർ വീക്ഷണക്കാരെന്നും ചില ചർച്ചകളിൽ വിശേഷിപ്പിക്കുന്നത് കേൾക്കുമ്പോൾ അത് ഭരണഘടനാഫലിതമായാണ് എനിക്ക് തോന്നുന്നത്.

(കടപ്പാട് : മാതൃഭൂമി ആഴ്ചപ്പതിപ്പ് 2016 ഒക്ടോബർ 16)

●●

(തുടർച്ച പേജ് 41)

*സഭാകോടതികളിൽ വിവാഹമോചനത്തിനുള്ള കാലതാമസം കഴിവതും ഒഴിവാക്കണം. വനിതാ സന്യസ്ഥർക്ക് കൂടി കോടതിയിൽ അംഗത്വം നൽകണം.

*യുവജനങ്ങൾക്ക് സർക്കാർ തലത്തിലുള്ള തൊഴിലവസരങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്താനും പരീക്ഷകൾക്ക് അവരെ പ്രാപ്തരാക്കാനും സംവിധാനം വേണം.

ആഗസ്റ്റ് 25 മുതൽ 28 വരെ കൊടകരയിലാണ് സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി നടന്നത്.

(കടപ്പാട് : മാതൃഭൂമി ദിനപത്രം, സെപ്തംബർ 10, 2016)

# പൊതു സിവിൽകോഡ് മുസ്ലീം സ്ത്രീകൾക്ക് ഗുണകരം

**സുന്ദരം ഗോവിന്ദ്**

ഇന്ത്യയിൽ പൊതു സിവിൽകോഡ് വേണമെന്ന ആവശ്യം ഉയർന്നിട്ട് നാളുകൾ ഏറെയായി. 1950-ൽ ഭരണഘടന നിലവിൽവന്നശേഷവും ഇന്ത്യയിലെ വിവിധ മതങ്ങളിൽപ്പെട്ടവർ വിവാഹം, വിവാഹമോചനം, പിന്തുടർച്ചാവകാശം എന്നീ കാര്യങ്ങളിൽ താന്താങ്ങളുടെ മതം അനുശാസിക്കുന്ന നിയമങ്ങളാണ് പിന്തുടരുന്നത്. ഒരു ഹിന്ദു മരിച്ചാൽ ഭാര്യയ്ക്കും കുട്ടികൾക്കും മരിച്ച ഹിന്ദുവിന്റെ സ്വത്തിൽ തുല്യാവകാശം നൽകുമ്പോൾ, ക്രിസ്ത്യാനിയുടെ ഭാര്യയ്ക്ക് മക്കളുണ്ടെങ്കിൽ മൂന്നിലൊന്ന് അവകാശവും, കുട്ടികൾക്ക് തുല്യാവകാശവും നൽകുന്നു. എന്നാൽ കുട്ടികൾ ഇല്ലാത്ത മുസ്ലീം ഭാര്യയ്ക്ക് നാലിലൊന്ന് അവകാശവും കുട്ടികളുള്ള ഭാര്യയ്ക്ക് എട്ടിലൊന്ന് അവകാശവും മാത്രം നൽകുന്നു. മരിച്ചുപോയ മക്കളുടെ കുട്ടികൾക്ക് മറ്റ് മതങ്ങളിൽ പിന്തുടർച്ചാവകാശം ലഭിക്കുമ്പോൾ മുസ്ലീം സമുദായത്തിൽ യാതൊരവകാശവും ലഭിക്കുന്നില്ല. മുസ്ലീം പിന്തുടർച്ചാവകാശനിയമ പ്രകാരം മരിച്ച പിതാവിന്റെ സ്വത്തിൽ മകൾക്ക് ഒരു ഷെയറും മകന് രണ്ട് ഷെയറും ലഭിക്കുമെ ങ്കിലും പിതാവ് ജീവിച്ചിരിക്കുമ്പോൾ മകനോ മകളോ മരിച്ചുപോയാൽ അവരുടെ അവകാശികൾക്ക് ഒരു പൈസപോലും ലഭിക്കുന്നില്ല. ഇന്നത്തെ മുസ്ലീം നിയമപ്രകാരം പിതാവ് കോടീശ്വരനാണെങ്കിലും മരിച്ചുപോയ മകന്റേയോ മകളുടെയോ അവകാശികൾ നിത്യദാരിദ്ര്യത്തിൽ കഴിയണം.

എന്നാൽ ഈ നിയമത്തെ മറികടക്കാൻ മക്കളുടെ പേർക്ക് അല്ലെങ്കിൽ പേരക്കുട്ടികളുടെ പേർക്ക് മുഴുവൻ സ്വത്തും ഒസ്യത്ത് എഴുതിവയ്ക്കാനും, സാധിക്കുന്നില്ല. വിൽപ്പത്രപ്രകാരം ഒരു മുസ്ലീമിന് തന്റെ സ്വത്തിന്റെ മൂന്നിലൊന്ന് ഭാഗം മാത്രമേ കൊടുക്കാൻ നിയമം അനുവദിക്കുന്നുള്ളു. അതിൽ കൂടുതൽ കൊടുക്കുന്നതിന് മറ്റെല്ലാ അവകാശികളുടെയും സമ്മതം ആവശ്യമാണ്.

നമ്മുടെ ഭരണഘടനയുടെ 14-ാം അനുഛേദപ്രകാരം നിയമത്തിന്റെ മുമ്പിൽ സ്ത്രീയും പുരുഷനും തുല്യരാണ്. എന്നാൽ സ്ത്രീപുരുഷ വിവേചനം ഇപ്പോഴും തുടരുന്നു. മുസ്ലീം സമുദായത്തിലെ സ്ത്രീകളോടുള്ള ഈ അനീതി അവസാനിപ്പിക്കാൻ ഏക പരിഹാരം പൊതു സിവിൽകോഡ് നടപ്പാക്കുക മാത്രമാണ്. അതിന് നിയമത്തിന്റെ പിൻബലവുമുണ്ട്. ഭരണഘടനയിലെ 44-ാം അനുഛേദം ഏക സിവിൽകോഡ് നടപ്പാക്കാൻ രാജ്യത്തോട് ആവശ്യപ്പെടുന്നുണ്ട്. എന്നാൽ 44-ാം അനുഛേദം നിർദ്ദേശക തത്വങ്ങളിൽ ഉൾപ്പെട്ടതാകകൊണ്ട് അത് കോടതി വഴി നടപ്പാക്കാൻ സാദ്ധ്യമല്ല. പാർലമെന്റ് നിയമം നിർമ്മിക്കതന്നെ

വേണം. അതുകൊണ്ടു തന്നെ 1985–ലെ ഷാബാനുകേസിൽ സുപ്രീം കോടതി അത് അർഥശങ്കയ്ക്കിടയില്ലാത്തവിധം പ്രഖ്യാപിച്ചു. സർക്കാർ ഏക സിവിൽകോഡിന് നടപടിയെടുക്കണം. അടുത്തകാലത്ത് സുപ്രീം കോടതി അതാവർത്തിച്ചു.

എന്നാൽ നമ്മുടെ ചില രാഷ്ട്രീയ നേതാക്കൾ ഏക സിവിൽകോഡിനെ നഖശിഖാന്തം എതിർക്കുന്നു; മുസ്ലീം സമുദായത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. പക്ഷേ , മുസ്ലീംസ്ത്രീകളുടെ അഖിലേന്ത്യാ സംഘടന ഏക സിവിൽകോഡിനുവേണ്ടി സർക്കാർ മുമ്പാകെ നിവേദനം കൊടുത്തിട്ടുണ്ട്. അനീതിക്കെതിരെ ശബ്ദിക്കേണ്ട രാഷട്രീയപ്പാർട്ടികൾ സംഘടിതവോട്ടിൽ കണ്ണുവെച്ച് സമുദായപ്രീണനം നടത്തുകയാണ് ചെയ്യുന്നത്.

വിവാഹമോചനത്തിന്റെ കാര്യത്തിലും മുസ്ലീംസ്ത്രീകൾ അനുഭവിക്കുന്ന കഷ്ടതകൾക്കുനേരെ എന്തുകൊണ്ടിവർ മുഖം തിരിക്കുന്നു? ഷാബാനുകേസിൽ വിവാഹമോചിതയായ മുസ്ലീം സ്ത്രീക്ക് ആശ്വാസം പകർന്ന സുപ്രീംകോടതി വിധിയെ നിർവിര്യമാക്കാനാണ് രാജീവ്ഗാന്ധിയുടെ സർക്കാർ നിയമം കൊണ്ടുവന്ന് പാസ്സാക്കിയത്. അതുകൊണ്ട് കുറഞ്ഞപക്ഷം ഏക സിവിൽകോഡ് മുസ്ലീം സമുദായത്തിന് ഐഛികമാക്കുക. സമുദായസ്നേഹികൾ തീർച്ചയായും ഏക സിവിൽകോഡ് സ്വീകരിക്കും.

ഇപ്പോൾ ഒരു തെറ്റിദ്ധാരണ പരന്നിട്ടുള്ളത് ഏകസിവിൽകോഡ് എന്നാൽ ഭൂരിപക്ഷസമുദായത്തിന്റെ നിയമം മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുക എന്നതാണ്. യഥാർഥത്തിൽ എല്ലാ സമുദായത്തിന്റെയും നല്ല വശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നീതിപൂർവകമായ ഒരു സാമൂഹ്യ വ്യവസ്ഥിതിക്ക് അടിസ്ഥാനമിടുക എന്നത് മാത്രമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഈ ദിശയിലുള്ള ഒരു പുതിയ വ്യക്തിനിയമത്തിനുവേണ്ടി എല്ലാ സമുദായ സ്നേഹികളും മുന്നോട്ടുവരണം.

ലേഖകൻ റിട്ട. ജില്ല ജഡ്ജിയാണ്
ഫോൺ : 9895353547

(കടപ്പാട് : കേരളശബ്ദം ഒക്ടോബർ 30, 2016)

●●

മാർപാപ്പാ പറയുന്നു: "മനുഷ്യന്റെ മോചനം ആചാര-അനുഷ്ഠാനബലികളിലൂടെയല്ല; പ്രത്യുത, നന്മനിറഞ്ഞ പ്രവൃത്തികളിലൂടെയാണ് സംഭവിക്കുന്നത്. അനുഷ്ഠാനങ്ങളാണ് നമ്മുടെ മോചനമാർഗം എന്ന പ്രതീതി നിലനിൽക്കുമ്പോൾ, ദൈവത്തിന്റെ കരുണയുടെ പ്രസക്തി നഷ്ടപ്പെടുന്നു. ദൈവത്തിന്റെ കരുണയാണ് മനുഷ്യനെ രക്ഷിക്കുന്നത് എന്ന സത്യം വിസ്മരിക്കപ്പെടുന്നു."

(സത്യജ്വാല ഒക്ടോബർ 16, പേജ് 16)

# അമിത മദ്യപാനം കത്തോലിക്കർക്കിടയിലെ ഗൗരവ പ്രശ്നം; സീരിയലുകൾക്ക് അടിമകളായവർക്കും കൗൺസലിങ്

കൊച്ചി: അമിത മദ്യപാനം കത്തോലിക്കർക്കിടയിലെ ഗൗരവപ്പെട്ട പ്രശ്നമെന്ന് സീറോമലബാർ സഭ അസംബ്ലി രേഖ. ഇതിനെ ചെറുക്കാൻ കൂടുതൽ മദ്യമുക്തി കേന്ദ്രങ്ങളും കൗൺസലിംങ് കേന്ദ്രങ്ങളും തുറക്കണമെന്നും അസംബ്ലിയുടെ അന്തിമ ശുപാർശകളും നിർദേശങ്ങളുമടങ്ങിയ രേഖ നിർദേശിക്കുന്നു.

പുകവലി, മയക്കുമരുന്ന്, ചൂതാട്ടം അശ്ലീലാഭിമുഖ്യം തുടങ്ങിയവ നിയന്ത്രിക്കപ്പെടണം. ഇതോടൊപ്പം ടി.വി.സീരിയലുകളോടും സോഷ്യൽ നെറ്റ്‌വർക്കുകളോടുള്ള അടിമത്തവും ഗൗരവത്തോടെ കാണണം. ഇത്തരക്കാർക്കായി പ്രത്യേക സൈക്കോസ്പിരിചൽ കൗൺസലിങ് സൗകര്യങ്ങളൊരുക്കണം. മൊബൈൽ ഫോൺ, ടി. വി. ഇന്റർനെറ്റ് തുടങ്ങിയവ വിവേകപൂർവം ഉപയോഗിക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകണമെന്നും അസംബ്ലി നിർദേശിക്കുന്നു.

ഉപഭോഗ സംസ്കാരത്തിന്റെ ഗാഢാലിംഗനത്തിൽ നിന്ന് ഒഴിഞ്ഞ് നിൽക്കാൻ വിശ്വാസികളെ പ്രാപ്തരാക്കണം. വിവാഹമടക്കമുള്ള ആഘോഷങ്ങൾ ഇവന്റ് മാനേജ്മെന്റ് കമ്പനികളെ ഏല്പിച്ച് പണം ധൂർത്തടിക്കുന്നതിന് പകരം എല്ലാവരുടെയും കൂട്ടായ്മയിൽ നടത്താൻ ശ്രദ്ധിക്കണം. ആഘോഷങ്ങൾ മത്സരബുദ്ധിയോടെയല്ല, ആത്മീയ ചൈതന്യത്തോടെയാണ് നടത്തേണ്ടത്.

അസംബ്ലി രേഖയിലെ മറ്റ് പ്രധാന നിർദേശങ്ങൾ ചുവടെ.

*പള്ളികളിൽ വെടിവഴിപാട് പൂർണമായും ഒഴിവാക്കണം.

*തിരുനാളുകളുടെ പ്രചാരണത്തിന് ഫ്ളക്സും ആർച്ചുകളുമൊഴിവാക്കണം.

*ധനസമ്പാദനത്തിന് നിയമവിരുദ്ധ മാർഗങ്ങൾ സ്വീകരിക്കരുത്. അമിത പലിശ നൽകുന്ന സ്ഥാപനങ്ങളിൽ പണം നിക്ഷേപിച്ച് അധിക ലാഭത്തിന് നിൽക്കരുത്. കൈക്കൂലി വാങ്ങി കാര്യങ്ങൾ ചെയ്യരുത്.

*കൂടുതൽ മക്കളുള്ളവരെ പ്രോത്സാഹിപ്പിക്കണം. സഭയുടെ സ്കൂളുകളിലും ആസ്പത്രികളിലും മൂന്നാമത്തെ കുട്ടിക്ക് പകുതിയും അതിനുശേഷം പിറക്കുന്ന കുട്ടികൾക്ക് മുഴുവനും നിരക്കിളവ് നൽകണം.

*സഭാധികാരികളും വിശ്വാസ സമൂഹവും തമ്മിലുള്ള അടുപ്പം വർദ്ധിപ്പിക്കുവാൻ ചടങ്ങുകളിൽ റവറന്റ്, വെരി റവറന്റ്, മോസ്റ്റ് റവറന്റ് തുടങ്ങിയ സംബോധനകൾ ഒഴിവാക്കിയാൽ നന്നായിരിക്കും.

(ശേഷം പേജ് 38

# www.josephpulikunnel.com
# സജീവമായി

ജോസഫ് പുലിക്കുന്നേലിന്റെ 83-ാം പിറന്നാളായിരുന്ന 2015 ഏപ്രിൽ 14 മുതൽ www.josephpulikunnel.com എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. വെബ്സൈറ്റിലെ പോസ്റ്റുകൾ അനുദിനം ആഗോളശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഒരു ഫേസ്ബുക്ക് പേജും തുടങ്ങിയിട്ടുണ്ട്: https://www.facebook.com/pages/Joseph-Pulikunnel/768665796562024. സന്ദർശിച്ച് like ചെയ്യുമല്ലോ.

ജാതിമതഭേദങ്ങൾക്കതീതമായി ആഗോളവ്യാപകമായി ശ്രദ്ധിക്കപ്പെടേണ്ട യേശുദർശനത്തിന് അദ്ദേഹം നൽകുന്ന വ്യാഖ്യാനങ്ങൾ 'ഓശാന' എന്ന പരിമിതമായ പ്രചാരം മാത്രമുള്ള ഒരു മാസികയിലോ അതിന്റെ വായനക്കാരിൽമാത്രമോ ആയി ഒതുങ്ങേണ്ടവയല്ല. കേരളസഭയ്ക്കും സഭാ ചരിത്രത്തിനും അദ്ദേഹം നല്കിയിട്ടുള്ളതും വരുംകാലങ്ങളിൽ നല്കാനിടയുള്ളതുമായ സേവനങ്ങൾ ചരിത്രപഠിതാക്കൾക്കും ഗവേഷകർക്കും നാളെ വിഷയമാകും.

1975 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച ഓശാന മാസികയുടെ ആദ്യലക്കത്തിലെ എഡിറ്റോറിയൽ മുതൽ പുനഃപ്രസിദ്ധീകരിക്കുന്നുണ്ട്. ഓരോ ലേഖനവും രണ്ട് ഉദ്ധരണികളും വീതം പ്രസിദ്ധീകരിച്ചുകൊണ്ട് വെബ് ലേഖന പ്രകാശനം പൂർത്തിയാകാൻ അഞ്ചു വർഷത്തിലേറെ വേണ്ടിവരും. അദ്ദേഹം എഴുതിയിട്ടുള്ള മറ്റു കൃതികളും അദ്ദേഹവുമായി നടത്തപ്പെട്ടിട്ടുള്ള അഭിമുഖങ്ങളും അദ്ദേഹത്തെപ്പറ്റിയുള്ള വീഡിയോകളും എല്ലാം ഈ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതാണ്. എല്ലാം സമാഹരിച്ചു കഴിഞ്ഞാലും പ്രതികരണങ്ങളും പഠനങ്ങളും ഉൾപ്പെടുത്തി ഈ സൈറ്റ് സജീവമായിരിക്കും.

സഭാനവീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കും സഭാചരിത്രപഠിതാക്കൾക്കും ഏറെ പ്രയോജനപ്രദമാകണം എന്ന വ്യക്തമായ ഉദ്ദേശ്യത്തോടെ, ലേഖനങ്ങളിലെ വിഷയങ്ങൾ സൂചിപ്പിക്കുന്ന അടിക്കുറിപ്പുകളോടെ, കാലക്രമമനുസരിച്ചാണ് ഈ ലേഖനങ്ങൾ വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിക്കുന്നത്.

സൈറ്റ് അഡ്മിനിസ്ട്രേഷന്റെ ചുമതല നിർവഹിക്കുന്നത് ശ്രീ. ജോസാന്റണി ആണ്. ഇതിന് സഹകരിച്ച എല്ലാവരോടുമുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.

എന്ന്

പത്രാധിപസമിതി

# പ്രമേഹരോഗി ചികിത്സാ സഹായപദ്ധതി

ഗുഡ്സമരിറ്റൻ പ്രോജക്ട് ഇന്ത്യ ഓശാനമൗണ്ടിൽ നടത്തുന്ന പ്രമേഹരോഗി ചികിത്സാ സഹായപദ്ധതിയിലേക്ക് ഡിസംബർ ലക്കം ഓശാനയിൽ സംഭാവന ആവശ്യപ്പെടുകയുണ്ടായല്ലോ.

2011 നവംബർ മാസത്തിൽ ആരംഭിച്ച ഈ പദ്ധതിയിലേക്ക് ഓശാന വായനക്കാരും മറ്റുള്ളവരുംകൂടി 2016 മാർച്ച് 31-ാം തീയതി വരെ 4,84,160/- രൂപ സംഭാവനയായി തന്നു എന്ന് സന്തോഷ ത്തോടെ അറിയിക്കട്ടെ.

എല്ലാ ഓശാന വായനക്കാരും സുഹൃത്തുക്കളും ബന്ധുക്കളും ഈ ഫണ്ടിലേക്ക് കഴിവനുസരിച്ച് സംഭാവന നൽകണമെന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു.

ചെക്ക്, ഡ്രാഫ്റ്റ്, മണിഓർഡർ എന്നിവ അയക്കുന്നവർ Good Samaritan Project India, Hosanna Mount, Edamattom P. O., Kottayam - 686 578 എന്ന പേരിൽ അയക്കുക.

ബാങ്കു വഴി അയക്കുന്നവർ GSPI യുടെ പേരിൽ State Bank of Travancore Pala Branch, A/c No. 67013211342, Bank Code - SBTR 0000120, South Indian Bank, Bharananganam Branch, A/c No. 0010053000005587, Bank Code - SIBL 0000010,Catholic Syrian Bank, Pala A/c No. 0153-02902944-190001, Bank Code CSBK 0000153 എന്ന നമ്പരുകളിൽ ഏതെങ്കിലും ഒന്നിൽ അയക്കുക. ബാങ്കുവഴി അയക്കുന്നവർ അവരുടെ അഡ്രസ്സും ബാങ്കിന്റെ പേരും എന്നാണ് ബാങ്ക് ട്രാൻസ്ഫർ നടന്നതെന്നുമുള്ള വിവരം നിർബ ന്ധമായും അറിയിക്കണം. Phone No. 04822- 236907, 9495586102; E-Mail Address : hosannamountinfo@gmail.com. രസീത് ആ അഡ്രസ്സിൽ അയയ്ക്കുന്നതായിരിക്കും.

എല്ലാ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്

ജോസഫ് പുലിക്കുന്നേൽ

'Registered' RNI Reg.No.27480/1975

**HOSANA**

## IICS പ്രസിദ്ധീകരണങ്ങൾ

1. Acts and Decrees of the Synod of Diamper Rs.150
2. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ
   (രണ്ടാം പതിപ്പ്) എഡിറ്റർ : ഡോ.സ്കറിയ സക്കറിയ Rs.100
3. വർത്തമാനപ്പുസ്തകം (മൂന്നാം പതിപ്പ്) Rs.125
4. മാനിക്കേയൻ കുരിശു വിവാദം - വിവിധ ലേഖകർ Rs. 50
5. Personal Names of Kerala Christians
   ഡോ. എ.എം.മേരിക്കുട്ടി Rs.100
6. ഓശാനയുടെ 25 വർഷം: വിലയിരുത്തലുകൾ
   -വിവിധ ലേഖകർ Rs.80
7. ഉദയംപേരൂർ സൂനഹദോസ് ഒരു ചരിത്രവിചാരണ - " Rs.50
8. പ്രൈവറ്റ് കോളജധ്യാപകന്റെ സ്മരണകൾ (രണ്ടാം പതിപ്പ്)
   ജോസഫ് പുലിക്കുന്നേൽ Rs.80
9. കേരള ക്രൈസ്തവചരിത്രം - വിയോജനക്കുറിപ്പുകൾ " Rs. 70
10. കാനോൻ നിയമത്തിലെ കാണാച്ചരടുകൾ " Rs. 80
11. Identity of Nazrani Church of Kerala " Rs. 75
12. ആരാധനക്രമ വിവാദം: ഓശാനയുടെ ഇടപെടലുകൾ " Rs.125
13. പേപ്പസി - ചരിത്രപരമായ ഒരു പഠനം " Rs. 50
14. RSS-Christian Perspective Meet-a team of Speakers Rs.100
15. The Liturgy, Hierarchy & Spirituality of St.Thomas
    Christians in the Pre-portuguese period - a study
    Joseph Pulikunnel Rs. 25
16. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം ഒന്ന്)
    -ജോസഫ് പുലിക്കുന്നേൽ Rs.120
17. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം രണ്ട്) " Rs.120
18. യേശുവും സഭയും -ജോർജ് മൂലേച്ചാലിൽ Rs. 80

## ലഘുഗ്രന്ഥങ്ങൾലഘുഗ്രന്ഥങ്ങൾ

1. നമ്മുടെ കത്തനാരന്മാർ കൽദായകുർബാന ചൊല്ലിയിരുന്നോ? Rs.3
2. അൽമായ-പുരോഹിത സംവാദം
   (ഒരു സംഘം അൽമായ-പുരോഹിത ലേഖകർ) Rs. 10